Mr. A. Madhava Prabhu *(Diwan Peishkar):* Sir, It is a foregone conclusion that no Government officer worth his salt would grudge taking action against persons in his Department who do not deserve to be in that Department, and I for one coming very recently in the official field, am one who believes in the purity of the administration of a Department which has to reach the poorest in the land. As soon as I passed my orders with reference to the preparation of the list on this particular subject, I had opportunity to tell almost every village officer whom I had occasion to meet to keep it in mind that this work should be done as one of his religious duties. Though I am not myself in a position to dole out as much as I could for this purpose, I am immensely thankful to our benevolent Ruler who has been pleased to sanction and put in my hands all sums, which I wanted should be placed in my hands for the purpose *(Hear, hear)*, and it was my fervent hope that all those under me who are responsible for this distribution would co-operate with me in the same spirit in which the money was given, and to see that those lists which I ordered to be prepared were prepared in the proper manner. I was going from village to village early morning at 7 o'clock. I used to come back only in the evening and I used to attend to office work after that; and in that way to minimise the apprehended mischief of these village officers and Panchayat Presidents or members, I was taking all sorts of safeguards. In spite of that, I was sorry to find that there have been blacksheep though from both amongst the village officers and among the Panchayat Presidents and members (shame). I have come across definite instances of such blacksheep. I will just give the nature of the enquiry I held. Even petitions in which people were not bold enough to put their signature and which came simply saying "പഴയന്നൂർ ഭഗവതി" were enquired into. The reason is this. When I read through those petitions I found specific instances of doling out moneys to persons who did not deserve. Names were given, such and such a house, such and such a person and so much was given. It required investigation. As soon as I read those allegations, I sent them to my Assistant for investigation and those who were found guilty have been most severely punished. I have no mercy for these people. In the matter of the ordinary administration I may show some mercy. But in this matter I had told them it was their religious duty to see that every pie that was given

LIBRARY ARCHIVES Kerala Legislative Assembly

by His Highness reaches only the deserving poor. If they do not discharge their duty in this matter, I feel very much pained and I can show my pain only in this fashion. The nature of the investigation has gone to this extent. One particular person was said to be possessing houses in two different villages which he did not actually possess. We were able to find the mischief done by such false allegations. One man says his house in Kodakara village was lost. The same man is said to possess a house in Chalakkudi village, and the same man has been given free grant in two places. We took both the registers of payments and we found the same man mentioned in the register of both the places. That man has only received once. We called him. He said he received only once, and that he has put the signature only once. Thus it was seen that some other man was made to personate and receive the amount. Our investigation brought it out. It went to that thoroughness. We are not going to leave any single individual, who has misbehaved, scot-free. I have dismissed that man who was responsible for the above mischief and I also said that he will not be re-entertained. That is the nature of the punishment I have given. In other instances, it was alleged that they went round asking for something for tea. Even that conduct I have censured. They are no doubt poor people. But I have warned them. In all cases where I found a Menon or Parvathyam dealing mischievously in any case, they have not been spared. I have also found in the course of the investigation that one Panchayat President and some Panchayat members mis-behaved in this fashion. There are instances of that type also.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അവരുടെ പേരൊന്നു പറയുവാൻ വിരോധമുണ്ടോ? അവരെ ശിക്ഷിക്കുവാൻ അധികാരമില്ലാത്തതുകൊണ്ടു് ഇങ്ങിനെയൊരു ശിക്ഷയെങ്കിലും കൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്.

Mr. President: I do not think it is necessary.

Mr. A. Madhava Prabhu *(Diwan Peishkar):* The matter has been brought to the notice of the Police Commissioner and he returned it by saying that it is a matter more for departmental action, and therefore I have addressed the Director of Public Health and Panchayats to take necessary action.

If the object of the cut motion is merely to bring to my notice the necessity of taking very severe action against those persons, I say that that necessity has been felt and the utmost caution has been exercised and will be exercised. There is no doubt about it. The enquiries with reference to all persons have not yet been finished. Every petition that has been received is very carefully and seriously considered and proper punishment is meted out. The House can have that assurance that everybody will be properly dealt with.

Mr. A. V. Moothedan *(Chalakkudi):* I am very surprised to hear the startling allegations made by the Government and I am gratified that the Diwan Peishkar is making a thorough inquiry. I have no charge against the Diwan Peishkar or the Secretary. I heard complaints after complaints. I had occasion to attend a public meeting at Kodakara. There also I heard vague complaints. Therefore, I think it is the duty of the Members of this House to see that such things are stopped. I don't press this motion.

Motion, by leave, withdrawn

Cut Motion No. 2

Declaring the Sirkar Devaswam lands as being held by the Pattadars on permanent tenure

To reduce the allotment of Rs. 2,05,404 for Land Revenue Establishment by Re. 1.

(To request the Government to declare that Sirkar Devaswam Lands are held by the Pattadars thereof on a permanent tenure)

[Mr. P. Govinda Menon]

Mr. President : What do you say with regard to the admissibility of your cut motion, Mr. Govinda Menon?

Mr. P. Govinda Menon *(Mulakunnathukavu):* I agree it is not admissible.

The House adjourned for lunch at 1—5 p.m. and re-assembled at 2—30 p.m. with M. R. Ry. K. Ayyappan Avl., Deputy President, in the Chair.

Cut Motion No. 3

Re-opening the K. A. Samajam Hospital at Cheruthuruthy

Mr. C. V. Iyyu *(Kunnamkulam):* Sir, I move *to reduce the allotment of Rs. 920 for K. A. Samajam by Rs. 2 to give reasonable terms for a compromise with the directorate of the K. A. Samajam to enable them to reopen the Ayurvedic Hospital, Cheruthuruthy or to convert the same into a Government Ayurvedic Hospital at an early date.*

എനിക്ക് ഈ വിഷയത്തെക്കുറിച്ചു് ഇതിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതലായി ഒന്നും സംസാരിക്കുവാനില്ല. ഏതെങ്കിലും ഒന്നു ഗവണ്മെണ്ടു് ചെയ്യാൽമതിയെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Dr. A. R. Menon *(Minister for Rural Development):* The matter is under the consideration of the Government as to what should be done with this institution. As soon as a decision is arrived

LIBRARY ARCHIVES Kerala Legislative Assembly

at, the information shall be given. I think we will come to a decision as soon as the session is over.

Mr. K. R. Viswambharan *(Ezhuvas-Talappalli):* On a point of information, Sir. Has any private institution offered to conduct the hospital taking charge of the buildings and the lands there? Is there any such proposal?

Dr. A. R. Menon *(Minister for Rural Development):* Not to my knowledge.

Mr. K. R. Viswambharan *(Ezhuvas-Talappalli):* If any private association or any registered association or institution offers to conduct the hospital as before, will the Government be pleased to consider?

Dr. A. R. Menon *(Minister for Rural Development):* That is a problematic question. The point is, in the first place we must decide whether this is to be given back to the Samajam or to be run by the Government or through some agency appointed by the Government. That question itself has not been settled. It is a complicated question bristling with very great difficulties and the matter is under consideration. As soon as we come to a decision, this suggestion will be considered along with that.

Mr. C. V. Iyyu *(Kunnamkulam):* I am not going to give any further speech. On the assurance of the Minister I withdraw my motion.

Motion, by leave, withdrawn

Cut Motion No. 4

Taking over the land and buildings of the K. A. Samajam

***Mr. V. K. Bhaskara Menon** *(Cranganur):* Sir, I move *to omit the allotment of Rs. 920 for K. A. Samajam.* My object is to bring to the notice of the Government that *the taking over of the land and buildings of the K. A. Samajam is unwarranted.*

My cut motion is based upon a very reasonable complaint that this House might have as regards the assumption of the Keraleeya Ayurveda Samajam. I am not now upon the reasons that induced Government to assume management of the samajam. My complaint is that the receipt of the samajam which the Government thought fit to assume comes to Rs. 200 and the expenditure budgetted comes to

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

Rs. 920. The amount that was spent last year came to about Rs. 582—during the close of the year 1116. Now, I ask this House, can this House ever accept a policy of the Government by which a private association is assumed by the Government and run at a tremendous loss.

Dr. A. R. Menon *(Minister for Rural Development):* It is not running. It is stationary. I am correcting the statement that the institution is being run by Government. As a matter of fact it is not being run.

Mr. V. K. Bhaskara Menon *(Cranganur):* I have got the reply that you have now assumed the institution. The Government can only assume the lands and the buildings. You cannot assume a samajam. I think it is very clear in spite of the explanation of the Hon'ble Minister. My submission to this House is that assuming the lands from the samajam, getting a receipt of Rs. 200 and spending nearly Rs. 582 in 1116 and Rs. 920 for the next year seems to be a fairly wrong policy. So that I am compelled to come to the conclusion that there might be something more behind the assumption of these lands. But since that is not evident from the figures, my request to this House is.....

Dr. A. R. Menon *(Minister for Rural Development):* Give a little more suggestive suggestions.

Mr. V. K. Bhaskara Menon *(Cranganur):* My suggestive suggestion is not to assume the thing now but to have a definite policy of what you are going to do with the samajam property and then assume it, instead of assuming the institution and asking me to give suggestive suggestions. I suppose the way in which I put it is suggestive to you. If it is not it is my misfortune. Whenever money is asked for nation-building departments, we have got this complaint, that schemes *per se* good will be taken up whenever funds are available. May I ask, how can funds be available for any Government if this is the way in which public funds are going to be spent—embarking upon foolish schemes and then spending amounts. My submission to the House is that such a policy ought not to be supported by this House. Therefore, I commend this motion to the acceptance of this House.

Dr. A. R. Menon *(Minister for Rural Development):* The Hon'ble Member's speech is based upon a wrong conception of the whole thing. This amount demanded of the House is not to run the hospital, but to maintain those buildings which have come under our possession, and it is necessary to keep these buildings in proper condition and for that gardeners and care-takers should be appointed to look after the buildings. The various reasons for the assumption

LIBRARY ARCHIVES Kerala Legislative Assembly

have been discussed before, and I do not think it is necessary, unless the House desires it, to go over those reasons. Briefly stated, the Government have given Rs. 18,000 to this institution. Lands were given as *inam* and some of the lands were acquired for specific purposes, which purposes in the opinion of the Government were not carried out by this institution. In spite of repeated requests to put their house in order as a result of petitions and representations made from various sources, finding that all these protests and all these suggestions and requests were of no avail, Government thought that some serious action must be taken to put an end to this state of affairs. We will not enter into the merit of that question. The cut motion is only with regard to the amount. It is not at all proper to say that this institution is run at a cost of Rs. 900 and the income derived is Rs. 20 or Rs. 15. Most probably, till this question is settled, we may not get any income from it. It so happened last year that some patients wanted to stay there and they were allowed to occupy the place. The question then arises, here is a property worth about Rs. 40,000 or Rs. 50,000 at least to be looked after, or should this be not looked after? It is only in order that the property may properly be looked after that this amount is asked for and not to run this institution, for it is evident to the House that running an institution on this scale will involve much more expenditure than this paltry sum of Rs. 900. I hope I have made the position of the Government clear to the House.

Mr. A. Eachara Menon *(Chittur-Rural):* We have been flooded with communications from the former owners of the samajam. It was said that the Cochin Government had taken possession of the samajam buildings without authority, without power and for that they wanted to introduce a Bill in the Legislative Council. My only request to the Government is that they should think twice before they go further.

*__Mr. V. K. Bhaskara Menon__ *(Cranganur):* I do not think much is required by way of reply. At the same time I must make my position clear. As I said, I never understood that this amount is necessary for the purpose of running the samajam. I say assuming the samajam without knowing what to do in the matter and then spending a thousand rupees with a receipt of Rs. 200 seems to be unwarranted and as such this House should not accept it. If it had been a case where the Government decided as to what should be done with the samajam buildings, whether they should revive the hospital and run it as an efficient institution and they had to spend a lot of money over it, possibly that amount could be recouped only

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

after a number of years. Unfortunately no decision seems to have been made as to what they should do with this institution. The only decision is that they have assumed the buildings and the land and they have decided to spend so much money. My submission to the House is that such a policy should not be accepted by this House.

Dr. A. R. Menon *(Minister for Rural Development):* What should be done with this?

Mr. V. K. Bhaskara Menon *(Cranganur):* Give it back to the samajam.

Dr. A. R. Menon *(Minister for Rural Development):* Then take it back?

Mr. V. K. Bhaskara Menon *(Cranganur):* You can assume certain lands given free, if only the terms of the grant have not been fulfilled. By assuming those lands and buildings it is not going to give Government any advantage. On the other hand it is going to work a loss to the Government. My submission to the House is there is no meaning in assuming these lands merely on the technical ground that the terms of the grant have been violated.

Mr. A. V. Moothedan *(Chalakkudi):* What is the area involved and the price of the land?

Dr. A. R. Menon *(Minister for Rural Development):* I think it will come to not less than Rs. 50,000 on the whole. This is a very big place with about eight or nine separate buildings, general ward, out-patient ward, etc. Government have contributed nearly Rs. 18,000 and odd and *inam* lands and acquisition in their behalf. These are the obligations the Government have incurred for this. From the speech one would think that after the possession Government were simply sitting quiet without considering what further proceedings should be taken. If that is the belief of the House, I want to disabuse it from the minds of the Hon'ble Members. After the assumption we tried to come to a settlement with the Samajam themselves and we almost succeeded in coming to a decision. Because we could not come to an agreement on one of the points the conversation had to be put off. I am again resuming the conversation with them with a view to see whether an amicable settlement could be arrived at. Then delay was due to these negotiations going on. Government are not at all anxious that it should be taken by them as a penalty or that they were anxious to get that place.

Mr. V. K. Bhaskara Menon *(Cranganur):* Thank you, Sir, for the assurance.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon *(Minister for Rural Development):* The only anxiety the Government had after spending so much public money and after enabling the samajam to collect a very large amount in the name and the support given by the Cochin Durbar is of much more serious consequence to the Government than the money given them, for, I really believe that they would not have collected this large amount but for the fact that those charitably disposed persons living in South India contributed this amount in the belief that the Durbar of Cochin will see that the moneys are properly spent. Therefore the moral obligation, in a way, is greater than the monetary loss involved in this transaction. This question, as I said, is bristling with great difficulties. It requires patient negotiations if we want to come to an amicable settlement. We are trying to see whether an amicable settlement is possible. In that case it will be much better to settle this in a happy manner. As I said, we will resume these negotiations as soon as the session is over and come to a settlement. Most probably this Rs. 900 need not be spent. For a month or two a small amount will be required. At any rate the whole of it will not have to be spent.

Mr. V. K. Bhaskara Menon *(Cranganur):* In the light of the explanation I do not press this motion.

Motion, by leave, withdrawn

Cut Motion No. 5

The system of letting poramboke canals for Inland fishing

Mr. V. N. Damodaran Nambiar *(Trippunittura):* Sir, I *move to reduce the allotment of Rs. 12,932 for Fisheries by Re. 1 in order to discuss the difficulties experienced by the agriculturists in the State on account of the system of letting poromboke canals for inland fishing.*

നമ്മുടെ രാജ്യത്തു രണ്ടുമൂന്നു കൊല്ലങ്ങൾക്കുമുമ്പു നെൽകൃഷി ചെയ്യുന്നതായ പാടങ്ങളുടെ ഇടക്കുകൂടി പോകുന്നതായ പുറമ്പോക്കു തോടുകളിൽ കാച്ചുകെട്ടി മത്സ്യം പിടിക്കുന്നതിനുവേണ്ടി അവയെ ലേലംവിളിച്ചു ഏല്പിക്കുകയെന്നുള്ള ഒരു സമ്പ്രദായം തുടങ്ങുകയുണ്ടായി. ഇതുമൂലം കൃഷിക്കാർക്കു അനുഭവിക്കേണ്ടിവന്നിട്ടുള്ള കഷ്ടതകളെപ്പറ്റി ബഹുമാനപ്പെട്ട സഭസ്സിനെ ധരിപ്പിക്കുവാനാണു് ഈ ഉപക്ഷേപംകൊണ്ടു ഞാൻ വിചാരിച്ചതു്. കാച്ചുകെട്ടി മത്സ്യം പിടിക്കുന്ന ഏർപ്പാടിനെപ്പറ്റി ഇവിടെയുള്ള ബഹുമാനപ്പെട്ട എല്ലാ സാമാജികന്മാർക്കും നല്ലപോലെ നിശ്ചയമുണ്ടോ എന്നു് എനിക്കറിവില്ലെങ്കിലും എനിക്കറിയാവുന്നിടത്തോളം അതിനെപ്പറ്റി ഞാനിവിടെ പറയാം. പാടങ്ങളുടെ ഇടയിൽക്കൂടി അരയോ ഒന്നോ ഫർലാങ്കു് നീളത്തിൽ പുറമ്പോക്കു തോടുണ്ടെങ്കിൽ അവയെക്കൊണ്ടു കൃഷിക്കു പല ഗുണങ്ങളുമുണ്ടു്. പ്രധാന ഗുണം തോടിന്റെ ഇരുഭാഗത്തും കിടക്കുന്ന പാടങ്ങളിലെ കൃഷിക്കുവേണ്ടിവരു

LIBRARY ARCHIVES Kerala Legislative Assembly

ന്ന പല സൌകര്യങ്ങളും ചെയ്യകൊടുക്കുക എന്നുള്ളതാണു്. കൃഷി ചെയ്യുന്നതിനാവശ്യമുള്ള സാധനങ്ങൾ കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനും ഉള്ള സൌകര്യം കൊടുക്കുക; ഇരുവശങ്ങളിലുമുള്ള പാടങ്ങളിലെ കൃഷിക്കു വേണ്ടുന്ന വെള്ളം തടഞ്ഞുനിർത്തുക, പാടങ്ങളിലേക്കു ആ വെള്ളം കടത്തിവിട്ടു കൃഷിയെ പോഷിപ്പിക്കുക എന്നിങ്ങിനെയുള്ള കാര്യങ്ങളിൽ തോട്ടകൊണ്ടു കൃഷിക്കു വളരെ ഉപയോഗമുണ്ടു്. എന്നാൽ കാപ്പിനു കൊടുക്കുന്ന സമ്പ്രദായം തുടങ്ങിയതോട്ടുകൂടി കൃഷിക്കാക്കു വളരെ കഷ്ടപ്പാടുകൾ അനുഭവിക്കുവാനിടവരുന്നുണ്ടു്. കാപ്പിനു കൊടുക്കുന്നതുകാരണം കൃഷിക്കുപയോഗിക്കേണ്ട സാധാനങ്ങൾ അതാതു സമയങ്ങളിൽ ഈ തോട്ടിൽക്കൂടി വയലുകളിലേക്കു കൊണ്ടുപോകുവാനും, ഉണക്കി കിളക്കേണ്ടതായ വയലുകൾ ചില പ്രത്യേക സമയത്തു് ഉണക്കി കിളക്കുവാനും സാധിക്കുന്നില്ല. ഇപ്പോൾ കാപ്പുകെട്ടുന്ന സമ്പ്രദായമനുസരിച്ചു തോടിന്റെ രണ്ടു ഭാഗങ്ങളിലും ചീർപ്പിട്ടു വെള്ളം അകത്തേക്കു കടത്തിനിറുത്തി മത്സ്യം പിടിക്കുയാണു ചെയ്യുന്നതു്. ആ വെള്ളം പുറമ്പോക്കു തോട്ടകളിൽ മാത്രമല്ല നിറ്ത്തുന്നതു്. ഉണക്കി കിളക്കേണ്ട വയലുകളിലും വെള്ളം നിറ്ത്തും. പാടങ്ങളിൽ വെള്ളം കെട്ടിനിറുത്തുന്നതുകൊണ്ടു് ഉണക്കി കിളക്കുവാൻ സൌകര്യമില്ലാതാകുന്നു. ഇത്തരം ബുദ്ധിമുട്ടുകൾകൊണ്ടു കൃഷിക്കു വലുതായ ദോഷം വന്നിട്ടുണ്ടെന്നുള്ളതിനു ഗവമ്മെണ്ടിൽനിന്നുതന്നെ ഈ കാപ്പിനു കൊടുക്കുന്ന സമ്പ്രദായം നടപ്പായതിനുശേഷം കൃഷിക്കാരുടെ കയ്യിൽനിന്നും എത്ര ഹർജികൾ വന്നിട്ടുണ്ടെന്നും, അവയെപ്പറ്റി വല്ല അന്വേഷണങ്ങളും നടത്തീട്ടുണ്ടെങ്കിൽ അതിന്റെ ഫലമെന്തെന്നും പ്രത്യേകം ചിന്തിച്ചാൽ മനസ്സിലാകുന്നതാണു്. ശരിക്കു നിയമപ്രകാരം ഗവമ്മെണ്ടിൽനിന്നു കൃഷിക്കു യാതൊരു ദോഷവും ഇല്ലെന്നു വാദിക്കുമായിരിക്കാം. കാപ്പിനു കൊടുക്കുന്ന നിശ്ചിതമായ കാലം—ഇന്ന തിയ്യതിക്കു വിട്ടുകൊടുക്കണമെന്നുള്ളതു് എനിക്കു നല്ല നിശ്ചയമില്ല—വിട്ടുകൊടുക്കേണ്ടതായ സമയത്തു കാപ്പിനു് ഏറ്റിട്ടുള്ള ഒരാളും മത്സ്യംപിടുത്തം അവസാനിപ്പിച്ചു കൃഷിക്കാരുടെ സൌകര്യത്തിനു സ്ഥലം വിട്ടുകൊടുക്കാറില്ല. നിശ്ചിതസമയത്തു മത്സ്യംപിടുത്തം അവസാനിപ്പിച്ചു കൃഷിക്കാക്കു സ്ഥലം വിട്ടുകൊടുത്തില്ലെങ്കിൽപിന്നെ എന്താണു നിവൃത്തി? ഗവമ്മെണ്ടിലേക്കു ഹർജികൊടുക്കുക; ഹർജി അന്വേഷണത്തിനു ഫിഷറി സബോർഡിനേറ്റ് ആഫീസർമാർ സ്ഥലത്തുവന്നു വാസ്തവം അറിഞ്ഞു കല്പനയാകുമ്പോഴേക്കു് കൃഷിക്കാരുടെ ആവശ്യങ്ങളെല്ലാം കഴിഞ്ഞിരിക്കും. ഇതാണു വലിയ ബുദ്ധിമുട്ടായിട്ടുള്ളതു്. അതുകൊണ്ടു് ഈ സമ്പ്രദായം തുടർന്നുകൊണ്ടു പോകണമെന്നു എനിക്കഭിപ്രായമില്ല. ഏതെങ്കിലും ഒരു സംഗതി തുടർന്നുകൊണ്ടുപോകുന്നതു് ഒരു വ്യക്തിയായാലും ശരി, ഗവമ്മെണ്ടായാലും ശരി സദുദ്ദേശത്തോടുകൂടിയായിരിക്കേണ്ടതാണു്. ഈ ഒരു സമ്പ്രദായംകൊണ്ടു ഗവമ്മെണ്ടു് ഏതു കാര്യമാണു മുഖ്യമായി ഉദ്ദേശിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇതുകൊണ്ടു ഗവമ്മെണ്ടിനു ഗണ്യമായ വല്ല ലാഭവുമുണ്ടാകുന്നുണ്ടോ എന്നു പരിശോധിക്കണം. അല്ലാത്തപക്ഷം ഇതുമൂലം മത്സ്യവ്യവസായത്തിനു വല്ല പ്രോത്സാഹനവും കൊടുക്കുവാൻ ഗവമ്മെണ്ടിനു സാധിക്കുന്നുണ്ടോ എന്നും നോക്കണം. ഇതിൽ ഏതെങ്കിലും ഒന്നു് ഉണ്ടെന്നു കാണുന്നപക്ഷം അതിൽ എന്തെങ്കിലും സദുദ്ദേശമുണ്ടെന്നു വിശ്വസിക്കാമായിരുന്നു. എന്റെ അഭിപ്രായത്തിൽ ഇതു രണ്ടും ഞാൻ കാണുന്നില്ല. ഗണ്യമായ യാതൊരു ലാഭവും ഇതുകൊണ്ടില്ലെന്നുള്ളതിനു ദൃഷ്ടാന്തമായി ബഡ്ജറ്റിലെ വരവുചിലവു തുകകൾ ഒന്നു പരിശോധിച്ചാൽ മനസ്സിലാക്കുവാൻ പ്രയാസമില്ല. ക ക ക-ൽ ൨ ക, ൨൫ @ ൦ ഉറുപ്പിക ഫിഷറി വകുപ്പിൽനിന്നു ഗവമ്മെണ്ടിലേക്കു ലാഭം കിട്ടീട്ടുണ്ടു്. എന്നാൽ ഫിഷറി വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും മറ്റുമായി ആ കൊല്ലം ൩, ൭൯ ൦

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പിക ചിലവു വന്നിട്ടുണ്ടു്. അതു തട്ടികഴിച്ചാൽ ക്വ,൦൩൦ ഉറപ്പിക ആ കൊല്ലത്തിൽ ഗവമ്മെണ്ടിനു മിച്ചമുണ്ടായിട്ടുണ്ടു്. ക്വക്വ൭-ലെ ബഡ്ജറ്റിൽ ന.ഉ,൯൯ ൦ ഉറപ്പിക ഫിഷറി വകുപ്പിൽ ലാഭമുണ്ടാകുമെന്നു ഉദ്ദേശിക്കുന്നുണ്ടു്. എന്നാൽ ചിലവു് ക്വഉ,൯൩ഉ ഉറപ്പികയുമുണ്ടു്. അസ്സൽ ആദായം നോക്കുകയാണെങ്കിൽ ഉ൦,൦൪൭ ഉറപ്പികയാണുള്ളതു്. ക്വക്വക്വ-ൽനിന്നു ക്വക്വ൭ വരേക്കും നോക്കിയാൽ കൂടുതലായി രണ്ടായിരം ഉറപ്പികയുടെ ആദായം ഗവമ്മെണ്ടിനുണ്ടെന്നു കാണുന്നുണ്ടു്. ഈ രണ്ടായിരം ഉറപ്പിക കിട്ടുവാൻവേണ്ടി കൃഷിക്കാരെ ഇത്രവളരെ കഷ്ടപ്പെടുത്തേണ്ട ആവശ്യമുണ്ടോ? അതുകൊണ്ടു് ഈ വിഷയത്തിൽ ഗവമ്മെണ്ടു് ഒന്നുകൂടി ഗാഢമായി ആലോചിച്ചു് ഇതിനൊരു പരിഹാരമാർഗ്ഗമുണ്ടാക്കിത്തരണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: എനിക്കു് ഒരു സംഗതി ചോദിച്ചറിയുവാനുണ്ടു്. കായ്പു് ഏല്പിച്ചുകൊടുക്കുമ്പോൾ കൃഷിക്കാക്കു് ദോഷം വരാത്തവിധത്തിൽ മാത്രമേ മത്സ്യംപിടിക്കുവാൻ പാടുള്ളുവെന്നു വ്യവസ്ഥ ചെയ്തിട്ടില്ലേ?

മിസ്റ്റർ എ. മാധവപ്രഭു: ഉണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു മിസ്റ്റർ നമ്പ്യാർ പറഞ്ഞിട്ടുള്ള അഭിപ്രായം അധികമായിട്ടു കൊച്ചികണയന്തൂർ താലൂക്കിനെ മാത്രം ബാധിക്കുന്നതരത്തിലാണു്. മുകുന്ദപുരം താലൂക്കിന്റെ വടക്കുഭാഗങ്ങളേയും തൃശ്ശിവപേരൂർ താലൂക്കിനേയും സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞതൊന്നും വാസ്തവമല്ല. കൃഷിക്കാക്കു് ദോഷകരമായ വിധത്തിൽ മത്സ്യം പിടിക്കുവാൻ ഒരു കൃഷിക്കാരനും അനുവദിക്കുകയില്ല. അങ്ങിനെയാണു് അവിടത്തെ പതിവു്. കൃഷിസംബന്ധമായ മറ്റു കായ്ക്കളിൽ അധികൃതസ്ഥാനങ്ങളിൽ അവർ ആവലാതിപ്പെടാറുണ്ടെന്നല്ലാതെ മത്സ്യംപിടിത്തക്കാരെക്കൊണ്ടു് ഉപദ്രവമുണ്ടെന്നുള്ള ആവലാതി അവിടെയുള്ള കൃഷിക്കാരിൽനിന്നും ഗവമ്മെണ്ടിനു കിട്ടീട്ടുണ്ടെന്നു് എനിക്കു തോന്നുന്നില്ല. കോമ്പനിലങ്ങളിലുള്ള പുറമ്പോക്കു ചാലുകളിൽ മത്സ്യം പിടിക്കുന്നുണ്ടു്. ഗവമ്മെണ്ടിന്നിന്നും ഏല്പിച്ചുകൊടുക്കാത്ത സ്ഥലങ്ങളിലും മത്സ്യം പിടിക്കുന്നുണ്ടു്. പക്ഷെ അതുകൊണ്ടു ഗവമ്മെണ്ടിനു് ആദായമില്ലെന്നു മാത്രമേയുള്ളു. എങ്ങിനെയായാലും മത്സ്യം പിടിക്കാതിരിക്കയില്ല. ലേലം ഇല്ലാതാക്കിയാൽ ഗവമ്മെണ്ടിന്റെ ആദായം പോകുമെന്നല്ലാതെ യാതൊരു മെച്ചവുമില്ല. ഇവിടെ പറഞ്ഞതരത്തിൽ മത്സ്യം പിടിക്കുന്നതുകൊണ്ടു കൃഷിക്കാക്കുണ്ടാകുന്ന ദോഷം അപ്പോഴും ഉണ്ടായിരിക്കും. ഏതായാലും ഈ തൊഴിൽ തുടർന്നുകൊണ്ടിരിക്കുന്നിടത്തോളം കാലം ഗവമ്മെണ്ടിനു കിട്ടുന്ന പണം കളയാതിരിക്കണമെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. ഏതായാലും മത്സ്യം പിടിക്കാതിരിക്കയില്ലെന്നു് അനുഭവം വെളിപ്പെടുന്നതുകൊണ്ടു് ആവക തോട്ടകം ലേലംവിളിച്ചേല്പിക്കുന്നതു് എല്ലാംകൊണ്ടും നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ എ. മാധവപ്രഭു: "സർ, രണ്ടുമൂന്നു കൊല്ലത്തിനുമുമ്പും ഈ മാതിരിയുള്ള തോട്ടകം കായ്പിനു കൊടുക്കാറുണ്ടായിരുന്നില്ല—എന്നാൽ രണ്ടുമൂന്നു കൊല്ലത്തിനിപ്പുറമാണു് കായ്പിനു കൊടുത്തുതുടങ്ങിയതു്"—ഇപ്പോഴാണു കായ്പു ലേലം വിളിച്ചു കൊടുക്കുവാൻ തുടങ്ങീട്ടുള്ളതെ"ന്നു പറയുന്നതു മുഴുവനും ശരിയല്ല. മുമ്പും ചില സ്ഥലങ്ങളിൽ ലേലം വിളിച്ചു കൊടുക്കാറുണ്ടായിരുന്നു. അങ്ങിനെ ലേലം വിളിച്ചു കൊടുക്കാത്തതായ സ്ഥലങ്ങളും ഉണ്ടായിരുന്നു. ഇതിനു പൊട്ടൻഷ്യാലിറ്റി (potentiality) എത്രയുണ്ടു് എന്നു ഡിപ്പാർട്ടുമെണ്ടിനു് ആ കാലത്തു മനസ്സി

LIBRARY ARCHIVES Kerala Legislative Assembly

ലായിട്ടുണ്ടായിരുന്നില്ല. ഇതിനുംപുറമെ ചിലദിക്കുകളിൽമാത്രം ലേലംചെയ്യുക, ബാക്കിയുള്ള ദിക്കുകളിൽ നിസ്സാരമായ സംഖ്യയ്ക്ക് അവിടെയുള്ള അഗ്രികൾച്ചറിസ്റ്റിനു കൊടുക്കുക എന്നു പറഞ്ഞിട്ടുള്ളതു ന്യായമായ ഒരു പദ്ധതിയാണെന്നു ഗവ മെണ്ടിനു തോന്നിയില്ല. അതുകൊണ്ട് അഗ്രിക്കൾച്ചറിസ്റ്റ്സിനു ചുരുങ്ങിയ സംഖ്യയ്ക്കു കൊടുത്തിരുന്ന പദ്ധതി വിട്ടിട്ടു ന്യായമായി എല്ലാതോട്ടകളേയും സംബന്ധിച്ചു് ഒരേ രീതിയിൽ പ്രവൃത്തിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, പൊട്ടൻഷ്യാലിറ്റിയുണ്ടെന്നു ഗവമെണ്ടിനു തോന്നീട്ടുള്ള എല്ലാ തോട്ടകളും ആക്ഷൻ (auction) ചെയ്തു കൊടുത്തുതുടങ്ങി. അങ്ങിനെ കൊടുക്കുവാൻ തുടങ്ങിയപ്പോൾ ഈ മാതിരിയുള്ള സ്ഥലങ്ങളിൽനിന്നും ധാരാളം ആക്ഷേപങ്ങൾ കിട്ടുകയുണ്ടായി.

മിസ്റ്റർ നമ്പ്യാരുടെ കാൺസ്റ്റിറ്റ്വുവെൻസ്സിയിൽ മൂന്നു തോട്ടകളുണ്ടു്. അതിൽ ഒരു തോടിനെ സംബന്ധിച്ചിടത്തോളം ഏകദേശം ഒന്നിൽ ചിലപ്പാനം കൊല്ലമായി ആക്ഷേപഹർജ്ജികൾ വന്നുകൊണ്ടിരിക്കുന്നതിനു യാതൊരു കുറവുമില്ല. ആ തോട്ട മുപ്പത്തിയഞ്ചു് ഉറപ്പികയ്ക്കു മൂന്നു കൊല്ലത്തേക്കായിട്ടു് ൧൯൩൫ അവസാനംവരെ കൊടുത്തിരുന്നു. അതു അഗ്രിക്കൾച്ചറിസ്റ്റ്സിനു കൊടുത്തുവന്നിരുന്ന സമ്പ്രദായത്തിൽതന്നെ കൊടുത്തിരുന്നു. ൧൯൩൫ൽ അതു് ആക്ഷൻ (auction) ചെയ്ത അവസരത്തിൽ ഞങ്ങൾക്കു് ഇരുന്നൂറോ മറേറാ ഉറപ്പിക കിട്ടി. എന്നാൽ വാസ്തവത്തിൽ ഇതിലും കൂടുതൽ കിട്ടുമായിരുന്നു. അതു ലേലത്തിൽ വില്ക്കുവാൻപോകുന്നുവെന്നു പറഞ്ഞപ്പോൾ "ലേലത്തിൽ വില്ക്കരുതു"; ന്യായമായ സംഖ്യയ്ക്കു ഞങ്ങളെടുക്കാ"മെന്നു പറഞ്ഞു ഹർജ്ജിവന്നു. അതിനു ഞാൻ മറുപടി കൊടുത്തു; "യാതൊരു വിരോധവുമില്ല ; നിവൃത്തിയുള്ളിടത്തോളം ആക്ഷേപഹർജ്ജികൾ കൂടാതെകഴിച്ചാൽ കൊള്ളാം, ആക്ഷേപഹർജ്ജികൾ കിട്ടുന്നതുകാരണം അതിനെപ്പറ്റിയുള്ള അന്വേഷണത്തിനു് ഏപ്പെടേണ്ടിവരുന്നതുകൊണ്ടു് ഞങ്ങളുടെ ബാക്കിയുള്ള ജോലികൾക്കെല്ലാം തടസ്സം നേരിടുന്നു. അതുകൊണ്ടു് ന്യായമായ സംഖ്യയ്ക്കു നിങ്ങൾക്കുതന്നെ തരാം, നിങ്ങൾ എത്രസംഖ്യയായാൽ എടുക്കും" എന്നു്. പിശകി പിശകി ഒടുവിൽ "൩൫ ഉറുപ്പികക്കാണെങ്കിൽ ഞങ്ങളെടുക്കാ"മെന്നു് അവർ പറഞ്ഞു. അങ്ങിനെ കൊടുത്തിരുന്നതു് ഇപ്പോൾ ൨൦൦ രൂപയ്ക്കു കൊടുത്തിട്ടുണ്ടു്. ആ ൨൦൦ രൂപയ്ക്കു് അഗ്രിക്കൾച്ചറിസ്റ്റ്സ് സമ്മതിച്ചില്ലാ. ഇതുപോലെ ബാക്കിയുള്ള സ്ഥലങ്ങളിൽനിന്നും ആക്ഷേപങ്ങൾ വരുന്നതുകൊണ്ടു് അതുകൾ കൂടാതെയിരിപ്പാൻ ഞങ്ങൾ ഒരു സംഗതിയിൽ പ്രധാനമായി ദൃഷ്ടിവെച്ചിട്ടുണ്ടു്. പക്ഷെ അതു മുഴുവനായി എന്നുപറയുവാൻ ഞാൻ തയ്യാറില്ല. പക്ഷെ ഇക്കൊല്ലത്തിൽ അതിൽ ഞങ്ങൾ കുറച്ചുകൂടി ജാഗ്രത വെയ്ക്കേണ്ടതായിവന്നു. ജാഗ്രതവെച്ചു. തുലാം ൧൫-ാംനു-ക്കു മുമ്പു് ഈ ഫിഷിംഗ് തടയുവാനോ, ബണ്ടിടുവാനോ പുറമ്പോക്കുതോട് കെട്ടിയടയ്ക്കുവാനോ പാടില്ലാ. അതിനുമുമ്പു കിട്ടുന്ന നെല്ലുകൊണ്ടു് അക്കാലത്തെ കൃഷി അവസാനിക്കും. അതുപോലെതന്നെ മീനം ൧൫-ാംനു-ക്കു മുമ്പായും ചില ദിക്കുകളിൽ മീനം ൩൦-ാംനു-ക്കു മുമ്പായും ഫിഷിംഗ് തടയുവാനോ, ബണ്ടിടുവാനോ, തോട്ടകൾ കെട്ടിയടക്കുവാനോ പാടില്ല. അതിനുശേഷം മത്സ്യംപിടുത്തം നിത്തണമെന്നാണു് കച്ചീട്ടിൽ എഴുതുന്നതു്. ആ കച്ചീട്ടനുസരിച്ചു പ്രവൃത്തിക്കാതിരുന്നാൽ ഞങ്ങൾ ന്യായമായി അയാളുടെപേരിൽ നടപടിനടത്തുവാൻ യാതൊരു മുടക്കവും വരുത്തുന്നില്ല. ഇവിടെ ഇപ്പോൾ ചെയ്തിട്ടുള്ളതുപോലെയാണു ബാക്കിയുള്ള സ്ഥലങ്ങളിലും ഞങ്ങൾ ചെയ്തിട്ടുള്ളതു്. അതുകൊണ്ടു സംഖ്യയെസംബന്ധിച്ചു് എന്തെങ്കിലും ഒരു വ്യത്യാസം വരുമ്പോഴെല്ലാം ആക്ഷേപം ബോധിപ്പിക്കുക എന്നുവെച്ചാൽ യാതൊരു നിവൃത്തിയുമില്ല. ഇങ്ങിനെയുള്ള സംഗതിയിൽ വലുതായ ആക്ഷേപം പറയത്തക്കയാതൊന്നും ഉള്ളതായി ഞാൻ കാണുന്നില്ല. ഇവിടെ പറഞ്ഞ സ്ഥലംകൂടാതെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇരുപത്തിയാറോ ഇരുപത്തിയേഴോ സ്ഥലങ്ങൾ ഞങ്ങൾ ആക്ഷൻ (auction) ചെയ്യുന്നുണ്ട്. അതിൽ ഒന്നുരണ്ടു സ്ഥലങ്ങളിൽനിന്നും ഫിഷിംഗിനെസംബന്ധിച്ചിടത്തോളം ആക്ഷേപം വന്നിട്ടുണ്ട്. അതു മൂവുകാട്ട മുതലായ ദിക്കുകളിൽ നിന്നാണു വന്നിട്ടുള്ളതു്. കഴിഞ്ഞകൊല്ലം ആക്ഷേപം വന്നപ്പോൾ അതിനെപ്പറ്റി അന്വേഷിച്ചു് ഇക്കൊല്ലം വരാതിരിക്കുവാനുള്ള വേണ്ടതനടപടി നടത്തീട്ടുണ്ടു്. ഈകൊല്ലം ൨ ൦ ൦ രൂപക്കു വാദഫിഷറി കൊടുത്തപ്പോൾ അടുത്ത ദിവസംതന്നെ എതുകക്ഷികൾ പോയിട്ടു് അവരുടെ ബണ്ടുകളെല്ലാം വെട്ടിപ്പൊളിക്കുകയുണ്ടായി. അതുകൊണ്ടു വെള്ളമെല്ലാം പുറത്തേക്കു പോയി. നെൽകൃഷിചെയ്യുന്ന സ്ഥലങ്ങളിൽ പുറത്തുള്ള വെള്ളം അകത്തേക്കു കടത്തിവേണം മത്സ്യം പിടിക്കുവാൻ. അങ്ങിനെയിരിക്കുമ്പോൾ അവരുടെ നിലത്തിലുള്ള ബണ്ടുകൾ അവർതന്നെ പൊട്ടിച്ചാൽ ഞങ്ങൾക്കു യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ല. ൨൦൦ രൂപക്കു് എടുത്ത ആൾക്കു നിലത്തിന്റെ ബണ്ടു് ഇടുവാൻ സാധിക്കാതെ വരുമ്പോൾ ഞങ്ങൾ പുഴയിൽ കൊണ്ടുപോയി ബണ്ടിടുവാൻ അനുവദിക്കും. അങ്ങിനെ ഞങ്ങൾ ഒരിടത്തു ചെയ്യുമ്പോൾ വേറെ ഒരിടത്തുള്ള ആൾ നിലത്തിലുള്ള ബണ്ടു മുറിക്കും. ഇങ്ങിനെ ഇവർ ഞങ്ങളെ ഉപദ്രവിക്കയാണു്. അതിനാൽ അവക്കു നഷ്ടമില്ലാത്ത ഇങ്ങിനെയുള്ള സംഗതിയിൽ ഞങ്ങൾ നഷ്ടപ്പെട്ട ഞങ്ങൾക്കു യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ല.

മിസ്റ്റർ വി. എൻ. ദാമോദരൻനമ്പ്യാർ: അവർ ഇങ്ങിനെ ചെയ്യുന്നുണ്ടെന്നു പറഞ്ഞതു് അവരുടെ നിലത്തിലുള്ള വരമ്പുകൾ പൊട്ടിക്കുന്നു എന്ന അർത്ഥത്തിലല്ലേ ?

മിസ്റ്റർ എ. മാധവപ്രഭു: അതെ. ഞങ്ങളുടെ സ്ഥലത്തു് അവരെ ഞങ്ങൾ പ്രവേശിപ്പിക്കുകയില്ല അങ്ങിനെ പ്രവേശിച്ചാൽ ഉടനെ ഞങ്ങൾ അവരുടെ പേരിൽ നടപടി നടത്തുകയും ചെയ്യും.

മിസ്റ്റർ വി. എൻ. ദാമോദരൻനമ്പ്യാർ: ലൈസൻസ്സു കൊടുക്കുന്നതു് തോടുകളിലുള്ള മത്സ്യം പിടിയ്ക്കുവാനല്ലേ ?

മിസ്റ്റർ എ. മാധവപ്രഭു: അതു് അന്നും ഇന്നും ഒരേമാതിരിയാണു നടന്നു വരുന്നതു്.

മിസ്റ്റർ വി. എൻ. ദാമോദരൻനമ്പ്യാർ: തോടിന്റെ ഇരുഭാഗങ്ങളിലുമുള്ള വയലുകളിൽനിന്നും മത്സ്യം പിടിക്കാറില്ലേ ?

മിസ്റ്റർ എ. മാധവപ്രഭു: മത്സ്യം പിടിക്കുവാനുള്ള അവകാശം ലേലംചെയ്തുകൊടുത്തുകഴിഞ്ഞാൽ തോട്ടിൽക്കൂടി വെള്ളം ഒഴുകിപ്പോകുമ്പോൾ മത്സ്യം പിടിയ്ക്കാം. തോട്ടിൽ വെള്ളം വിട്ടുകഴിഞ്ഞാൽ അടുത്തുള്ള പ്രദേശങ്ങളിൽ ചില വയലുകളിൽ വെള്ളം കയറി നിറുത്തുന്നുണ്ടു്. അതുകൊണ്ടു നിങ്ങൾ നിങ്ങളുടെ വയലുകളിൽ വെള്ളം കയറാതിരുന്നാൽ ഈ ആക്ഷേപത്തിനു കാരണമില്ല. നിങ്ങൾ ഇതുവരെ ചെയ്തിരുന്നതനുസരിച്ചു ചെയ്യുവാൻ ഞങ്ങൾ അനുവദിച്ചിട്ടുണ്ടെന്നല്ലാതെ പുതുതായ യാതൊരു പദ്ധതിയും ഞങ്ങൾ കൊണ്ടുവന്നിട്ടില്ല. പണ്ടു് ന. ഉ പ്പിക്കു കൊടുത്തിരുന്നതു് ഇന്നു ൨ ൦ ൦ രൂപ്പിക്കു കൊടുക്കുന്നു. ഒരിക്കൽ ഒരാക്ഷേപം കിട്ടിയപ്പോൾ മീനം ന. ൦-ാംനു- ബണ്ടു് തുറന്നോ ഇല്ലയോ എന്നു നോക്കുവാനായിട്ടു ആ സ്ഥലത്തു ഞാൻ നേരിട്ടുതന്നെ പോയി. നോക്കിയപ്പോൾ ആ സ്ഥലത്തു ഇതിനുമുമ്പു ഒരു കൊല്ലത്തിലും 'വറാതിരുന്നതരത്തിൽ അത്ര നല്ലവണ്ണം ഇക്കൊല്ലം വെള്ളം വറ്റിച്ചിട്ടു ഭംഗിയായിട്ടു കൃഷിചെയ്യാവുന്നനിലയിൽ ഇട്ടിരിയ്ക്കുന്നതു കണ്ടു. ഇതു ഞാൻ എന്റെ കണ്ണുകൊണ്ടു കണ്ടിട്ടുള്ളതാ

LIBRARY ARCHIVES Kerala Legislative Assembly

കയാൽ പെട്ടെന്ന മറച്ചു വെക്കുവാൻ എനാൽ സാദ്ധ്യമല്ല. ഞാൻ ഏറണാകുളത്തുണ്ടെന്നറിഞ്ഞാൽ അപ്പോഴും ഒരാൾ ഒരു ഹർജ്ജിയുംകൊണ്ടു വരും. ഞാൻ നേരിട്ടുപോയി അന്വേഷിക്കും. ന്യായമല്ലാത്ത നിലയിൽ ഞാൻ ഒന്നും അനുവദിക്കാറില്ല. എന്നെക്കൊണ്ടു സഹായിക്കാവുന്നിടത്തോളം ഞാൻ സഹായിക്കുന്നുമുണ്ട്. എന്നിട്ടും ഞങ്ങൾക്കു കിട്ടിവരുന്ന ഫലം ആക്ഷേപഹർജ്ജിമാത്രം. നിങ്ങൾക്കു മുമ്പു കുറഞ്ഞസംഖ്യക്ക കിട്ടി. ക്രൂതൽ ആദായം എടുത്തിരുന്നതിൽ കുറേശ്ശെ ഞങ്ങൾക്കും തരണമെന്നേ പറയുന്നുള്ളു. നിങ്ങൾ ൩ ൫ ഉറുപ്പികയ്ക്കു വാങ്ങിച്ചു് ൩ ൦ ൦-ം, ൭ ൦ ൦-ം ഉറുപ്പിക ആദായമെടുത്തിട്ടുള്ളതിന്റെ ഒരംശമേ ഞങ്ങൾ ചോദിക്കുന്നുള്ളു.

മിസ്റ്റർ വി. എൻ. ദാമോദരൻനമ്പ്യാർ: അതിലും ക്രൂതലായി സമ്പാദ്യമുള്ള ആളുകളില്ലേ? അവരോടും ഇതുപോലെ വാങ്ങിക്കുന്നുണ്ടോ?

മിസ്റ്റർ എ. മാധവപ്പട്ട: ഇൻകംടാക്സായിട്ടും മറ്റും ഏതെങ്കിലും തരത്തിൽ വസൂലാക്കേണ്ടതു. വസൂലാക്കിവരുന്നുണ്ടു്.

പിന്നെ രണ്ടു ഫിഗേഴ്സ് ഇവിടെ പറയുകയുണ്ടായി. "ഫിഷിംഗിൽനിന്നും ഗവൺമെണ്ടിലേക്കു കിട്ടുന്ന ക്രൂതൽ ആദായം ആയിരം ഉറുപ്പികയാണു്. അതു നിസ്സാരമായ ഒരു സംഖ്യയാണെ"ന്നും പറയുകയുണ്ടായി. പള്ളിപ്പുറത്തുള്ള പൊഴിയിൽനിന്നു Fishery-ക്കു് ൩,൫൦൦ ഉറുപ്പിക കിട്ടിയിരുന്നതു് കഴിഞ്ഞകൊല്ലം ആയിരമോ ആയിരത്തിനാല്പത്തിയഞ്ചോ മാത്രമാണു കിട്ടിയതു്. അതുകൊണ്ടു് ഈ രണ്ടു ഫിഗേഴ്സിനെ എടുത്തു് ആലോചിച്ചുമാത്രം ഗവൺമെണ്ടിനു കിട്ടുന്ന ആദായം വേണ്ടെന്നുവെക്കണമെന്നു പറയുന്നതിൽ കുറച്ചു മനസ്ഥാപമുണ്ടു്.

We have to be equitable to all. In the eyes of the Government everybody is alike. There is no need of making distinction between one set of people and another. Whatever safeguards are absolutely necessary to protect these people will certainly be done and are being done.

വാശിപിടിയ്ക്കുകയാണെങ്കിൽ അതിൽ ഞങ്ങൾ തോല്ക്കുകയല്ലാതെ നിവൃത്തിയില്ല. അത്രമാത്രമേ എനിക്കു പറയുവാനുള്ളു. ഞങ്ങളാലാവുന്നതു സഹായിക്കാം. ഇതിനു മുമ്പും സഹായിച്ചിട്ടുണ്ടു്. അതുപോലെ മേലും സഹായിക്കാം.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: ബഹുമാനപ്പെട്ട ദിവാൻപേഷ്കാരവർകൾ പറഞ്ഞ മറുപടിയിൽനിന്നു് ഈ സഭയിലെ ബഹുമാനപ്പെട്ട സാമാജികന്മാക്കു് ഈ സമ്പ്രദായംകൊണ്ടു കർഷകന്മാക്കു തീരെ ബുദ്ധിമുട്ടുണ്ടാകയില്ലെന്നു ബോദ്ധ്യം വന്നിട്ടുള്ളപക്ഷം എന്റെ ഈ ഉപക്ഷേപത്തെ തള്ളിക്കളയുന്നതിൽ എനിയ്ക്കു വിരോധമില്ല. ഈ ഉപക്ഷേപത്തിനാടിസ്ഥാനമായിട്ടുള്ളതു് എന്റെ കാൺസ്റ്റിറ്റുവെൻസിയിലുള്ള മൂന്നോ, നാലോ തോട്ടകൾമാത്രമാണെന്നാണു് അദ്ദേഹം പറഞ്ഞതു്. നിയ്ക്കു ബാക്കിയുള്ള നിയോജകമണ്ഡലങ്ങളേയോ, മറ്റുള്ള പ്രദേശങ്ങളേയോപറ്റി പൂർണ്ണമായ വിവരമില്ല. എനാൽ എന്റെ നിയോജകമണ്ഡലത്തിലുള്ള പുറമ്പോക്കുതോട്ടകളെ സംബന്ധിച്ചിടത്തോളം ഇതുമാതിരിയുള്ള ആക്ഷേപങ്ങൾ വളരെ അധികം ഉണ്ടായിട്ടുണ്ടു്.

മിസ്റ്റർ എ. മാധവപ്പട്ട: ആക്ഷേപങ്ങളുണ്ടായി.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: അവരുടെ ആക്ഷേപങ്ങൾക്കു പ്രഥമദൃഷ്ടിയിൽതന്നെ ന്യായമുണ്ടെന്നുമനസ്സിലാകും. ദിവാൻപേഷ്കാരവർകൾ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു് ഇതിനുമുമ്പു് ആ തോട്ടകൾ ലേലംവിളിച്ചുകൊടുക്കാതെ ലൈസൻസ്സ്സ്സ

എന്നനിലയിൽ കൊടുക്കുവാൻ സന്നദ്ധരാണു് എന്നും കാണിച്ചു രണ്ടുമൂന്നു ഹരജികൾ കിട്ടി. നമ്മുടെ ഗവമ്മെണ്ടിലെ മറ്റു ഡിപ്പാർട്ടുമെണ്ടുകളെല്ലാം ഇങ്ങിനെ തന്നെയാണോ എന്നുപറയുവാൻ എനിയ്ക്കുധൈര്യമില്ല. ഈ ഡിപ്പാർട്ടുമെണ്ടിൽനിന്നു രണ്ടുമൂന്നു ഹരജികളയച്ചിട്ടും ഒരു മറുപടിപോലും കർഷകന്മാർക്കുകൊടുത്തിട്ടില്ലെന്നു് എനിക്കുധൈര്യമായിട്ടുപറവാൻ സാധിക്കും. ഈ ഹരജികളെല്ലാം ഞാൻ കണ്ടിട്ടുണ്ടു്. ഇവരുടെ വക്കാലത്തുസ്വീകരിച്ചു ഞാൻതന്നെ ദിവാൻപേഷ്കാരുടെ അടുക്കൽ പറഞ്ഞിട്ടുണ്ടു്. ഒരുകൊല്ലത്തേക്കു ലേലംവിളിച്ചുകൊടുത്തുകഴിഞ്ഞതിനുശേഷം, വീണ്ടും കൃഷിക്കാർ ദിവാൻപേഷ്കാരവർകൾക്കു ഹരജിയയച്ചതുകൊണ്ടോ, മുമ്പുസങ്കടങ്ങൾ ബോധിപ്പിച്ചതിന്റെ ഫലമായിട്ടോ, ഒരുപക്ഷേ ലേലം വിളിച്ച ആളുടെ സങ്കടംകണ്ടിട്ടോ എന്തുകൊണ്ടാണെന്നു നിശ്ചയമില്ല, ഒരുകൊല്ലമെന്നുള്ളതു് മൂന്നുകൊല്ലത്തേക്കാക്കി ആ ആളുടെ പേരിൽതന്നെ കാപ്പു് സ്ഥിരപ്പെടുത്തുകയാണുചെയ്തതു്. അങ്ങിനെ സ്ഥിരപ്പെടുത്തുവാനുണ്ടായകാരണം കൃഷിക്കാർ ഇതു ഉറപ്പികയ്ക്കു് ഏല്ക്കാമെന്നു ഗവമ്മെണ്ടിനെ അറിയിച്ചിട്ടില്ല. എന്നാണു പറഞ്ഞതു്. ഞാൻ പറയുന്നതു് അവർ മത്സ്യംപിടിച്ചു കച്ചവടംചെയ്തു് ആദായമെടുക്കണമെന്നുദ്ദേശിക്കുന്നവരല്ല, തോടിന്റെ രണ്ടുഭാഗത്തും കൃഷിചെയ്യുന്നവരാണു്. അതുകൊണ്ടു് മത്സ്യംപിടിയ്ക്കുന്ന ഏപ്പാടിലേക്കു് അവർ എന്തെങ്കിലും ഗവമ്മെണ്ടിനുകൊടുക്കാമെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ അതു കൃഷിയ്ക്കു ദോഷംവരാതിരിക്കത്തക്കവിധത്തിൽ ഒരു കൂടുതൽ കരം ഗവമ്മെണ്ടിനു് കൊടുക്കാമെന്നുസമ്മതിയ്ക്കുന്ന അർത്ഥം മാത്രമേയുള്ളു. മത്സ്യംപിടിയ്ക്കുകയില്ലെന്നുകൂടി കാരാറു ഗവമ്മെണ്ടിനു് എഴുതി കൊടുക്കുവാൻ അവർ സന്നദ്ധരാണു്. ഒരു കൊല്ലത്തേക്കു ലേലം വിളിച്ചു സ്ഥിരപ്പെടുത്തിക്കഴിഞ്ഞതിനുശേഷം ആ ആൾക്കുതന്നെ അതേസംഖ്യയ്ക്കു മൂന്നുകൊല്ലത്തേക്കു സ്ഥിരപ്പെടുത്തിക്കൊടുക്കണമെങ്കിൽ അതിനു കാരണം കൃഷിക്കാരിൽനിന്നും ദിവാൻപേഷ്കാർക്കു ആക്ഷേപങ്ങൾ കിട്ടുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടകറ്റുവാനായിരിക്കുമോ എന്നും ഞാൻ സംശയിക്കുന്നു.

ഒരു സംഗതികൂടി പറയുവാനുണ്ടു്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയവർകളെ ഈ ഹജ്ജിക്കു കാരണമായ സ്ഥലങ്ങളിൽ കൊണ്ടുപോയി കാണിച്ചുകൊടുക്കുകയും, അദ്ദേഹത്തിനു് ഈ തോടുമൂലം അവിടെയുള്ള കൃഷിക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെല്ലാം ബോദ്ധ്യപ്പെടുകയും, ആ ദോഷം പരിഹരിക്കുവാൻവേണ്ടി ലേലം വിളിച്ചിട്ടുള്ള ആൾ തോട്ടിന്റെ ഇരുവശത്തുമുള്ള ഭൂമികളിൽ വെള്ളം കയറാതിരിക്കത്തക്കവണ്ണം രണ്ടുവശത്തും ബണ്ടിട്ടു കൊടുക്കണമെന്നും, ലേലം വിളിച്ചിട്ടുള്ള ആൾക്കു് ഒരു കൊല്ലത്തിൽ കൂടുതൽ കാലത്തേക്കു കൊടുക്കുന്നതല്ലെന്നും, ആ ഒരുകൊല്ലത്തിനുശേഷം കൃഷിക്കാർക്കുതന്നെ എന്തെങ്കിലും ന്യായമായ സംഖ്യ നിശ്ചയിച്ചുകൊടുക്കാമെന്നും ഉത്തരവാകുകയും, ആ ഉത്തരവു ഞങ്ങൾക്കു തരികയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു കൃഷിക്കാർക്കു സല്പേരുണ്ടാകുമെങ്കിലും ദോഷമുണ്ടെന്നുള്ള സംഗതി അധികൃതസ്ഥാനത്തേക്കു ബോദ്ധ്യംവന്നിട്ടുള്ള ഒരു കാര്യമാണു്.

ഇനി ഞാൻ ആദ്യം പറഞ്ഞ സംഗതിതന്നെ ഒന്നുകൂടി പറയാം. ഇതുകൊണ്ടു ഗവമ്മെണ്ടിനു് എന്താണു് ഒരാദായം ഉണ്ടാകുന്നതു്? ആയിരം ഉറുപ്പികയുടെ ആദായത്തെ നോക്കുന്നതോടുകൂടി എത്ര കൃഷിക്കാർക്കാണു ദോഷം ഉള്ളതെന്നതിനെപ്പറ്റിയും ആലോചിക്കണം.

Deputy President : You are exceeding your time.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ : ഒരു മിനിട്ടു സമയംകൂടി മതി. ഈ രാജ്യത്തേക്കാവശ്യമുള്ള അരി ഈ രാജ്യത്തുണ്ടാകുന്നില്ലെന്നും, അരിയുടെ വില കൂടിയിരിക്കുന്നുവെന്നും, അതുകൊണ്ടു ജനങ്ങൾ ബുദ്ധിമുട്ടുന്നുണ്ടെന്നും ചില ബഹു

LIBRARY ARCHIVES Kerala Legislative Assembly

മാനപ്പെട്ട മെമ്പർമാർ ഈ സഭയിൽ പറയുകയുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ രാജ്യത്തെ കൃഷിക്കു വേണ്ടിടത്തോളം പ്രോത്സാഹനം കൊടുക്കേണ്ടതാണെന്നും അവർ വാദിച്ചു. എന്നാൽ ഇതാണോ കൃഷിക്കു നൽകുന്ന പ്രോത്സാഹനമെന്നാണ ഞാൻ ചോദിക്കുന്നത്. കൃഷിക്കു കാറ്റു കെട്ടുന്നതുകൊണ്ട് എന്തെങ്കിലും ദോഷമുണ്ടെന്നു ഗവമ്മെണ്ടിനു തോന്നുകയാണെങ്കിൽ.....

മിസ്റ്റർ എ. മാധവപ്രഭു: യാതൊരു ദോഷവുമില്ല.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: ബഹുമാനപ്പെട്ട മന്ത്രിയവർകൾക്കു ബോദ്ധ്യം വന്നിട്ടുണ്ടെന്നുള്ളതു് ഗവമ്മെണ്ടിൽനിന്നും ഞങ്ങൾക്കു കിട്ടീട്ടുള്ള ഉത്തരവുകൊണ്ടു തെളിയിക്കാം. ഇത്രയും പറഞ്ഞുകൊണ്ട് ഈ സഭയുടെ അംഗീകരണത്തിനായി ഞാൻ ഈ ഉപക്ഷേപം പ്രസ്സുചെയ്യുന്നു.

Motion put and lost

Cut Motion No. 6.

Regulating the prawn fishing

Mr. A. V. Moothedan *(Chalakkudi)*: Sir, I move *to reduce the allotment of Rs. 12,932 for Fisheries by Re. 1. My object is to request the Government that detailed rules may be framed under section 5 B of the Fisheries Act, regulating prawn fishing with a view to achieve the following results.—*

(i) The profits earned by the fishing should be shared equitably by the owners of the several plots of lands lying in a compact area and from which on account of the situation and other circumstances, fishing operations can be successfully carried on only from one plot and the owner of which is granted a license for fishing.

(ii) Conditions should be clearly laid down under which licenses can be issued for fishing from poromboke thodus lying adjacent to private lands. This is necessary to avoid conflicts between the Fisheries Department and the other Departments of the Government.

Prawn fishing is comparatively a new industry and it is a profitable industry also. The Government have introduced a system of licensing. About the operations of prawn fishing and about its details most of the Hon'ble Members are ignorant especially members coming from the North. In my experience during the last two or three years I have come in contact with some people who are engaged in this industry and I had occassion to make some suggestions to the former Diwan Peishkar, the Hon'ble President. One difficulty is pointed out in the first portion of the

LIBRARY ARCHIVES Kerala Legislative Assembly

cut motion. The second difficulty is more or less explained by Mr. Nambiar. Mr. Nambiar wants to abolish that system of leasing *poromboke thodus* for fishing. I say it should not be abolished altogether. The Government revenues should be safeguarded. At the same time the interests of the agriculturists should be protected. Mr. Nambiar said that an order passed by the Revenue Department was cancelled by the Minister. That state of affairs is ridiculous.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: ഫിഷറി ഡിപ്പാർട്ട്മെണ്ടു് ഒരു സ്വായ ഓണറബിൾ മിനിസ്റ്ററുടെ ഉത്തരവിനെപ്പറ്റി മാത്രമെ ഞാൻ പറഞ്ഞുള്ളൂ.

Mr. A. V. Moothedan *(Chalakkudi)*: Who is granting these licenses ?

Mr. V. N. Damodaran Nambiar *(Trippunittura)*: The Revenue Department.

Mr. A. V. Moothedan *(Chalakkudi)*: What I say is, the Diwan Peishkar should issue licenses only after consulting the Agricultural Department. Therefore, there won't be any conflict. I have also received some complaints on the matter.

Regarding the first point, there is some inequity according to the present system. I shall explain. There are 10 acres of *nilam*. These *nilams* are split up into two portions of 5 acres each. One portion of 5 acres belongs to one person and the other portion to another. According to the lie and situation of the property the fishing operation can be carried on the 5 acres in the lower portion only. Now the Diwan Peishkar is collecting license fees on the whole 10 acres. Prawn fishes lie scattered over these 10 acres of land. The owner of the five acres where the fishing operations are carried on and the owner of the other five acres both have a right over the property. Some instances have been brought to my notice. In Cheranellur, there are about 40 acres of fishing land. There are 2 parties fighting each other. One party who is giving the license is taking all the profits of the 40 acres of land and paying nothing to other party. They cannot also go to the Civil Court because he is not rich enough. Even if he gets a decree, it is of no use for him. What I suggest is, before issuing the license the Diwan Peishkar must see that the consent of the other parties is obtained. The Diwan Peishkar said that if they will not make adjustments, the aggrieved party can go to a court of law. What I say is, there is the summary remedy. He can make rules that he will issue license only if he gets the consent of all the parties. If that is done there will be no difficulty at all. The Diwan Peishkar may be given the power of arbitration, if necessary, to do what is just. I do not wish to discuss the details here. I give some

LIBRARY ARCHIVES Kerala Legislative Assembly

suggestions only. With this end in view, the Diwan Peishkar may make the necessary rules, so that the people may get their right.

മിസ്റ്റർ എ. മാധവപ്രട്ട: സർ, വളരെ എളുപ്പമായ ഒരു പദ്ധതിയാണിതു്! ഒരു പടവുണ്ടു്, പത്തറുപതാളുകളായിരിക്കും അതിന്റെ ഉടമസ്ഥന്മാർ. ഒരാൾ അയാളുടെ ഫീൽഡിൽ ലൈസൻസ്സു് എടുക്കണമെങ്കിൽ ബാക്കി ഇൻ പേരുടേയും സമ്മതം വാങ്ങുവാനായി ഞങ്ങൾ അവരുടെ പുറകെ നടക്കണം. അവരുടെ സമ്മതത്തോടുകൂടി ലൈസൻസ്സു് കൊടുക്കുന്നകാര്യം അത്ര എളുപ്പമല്ല. മിസ്റ്റർ മൂത്തേടൻ പറഞ്ഞ കേസിനെപ്പറ്റിത്തന്നെ ഞാൻ പറയാം. ഒരു അച്ഛനു മൂന്നുമക്കളുണ്ടു്. അച്ഛൻ മരിച്ചതിനുശേഷം അവർ ഭാഗിച്ചുവെന്നും പറയുന്നുണ്ടു്. ഇല്ലെന്നും പറയുന്നുണ്ടു്. മൂത്ത മകനാണു കൃഷി ചെയ്യുന്നതും, മത്സ്യം പിടിക്കുന്നതും. രണ്ടുമൂന്നു കൊല്ലത്തെ ആദായം അവർ തമ്മിൽ ഭാഗിച്ചെടുത്തു. ആ രണ്ടുമൂന്നു കൊല്ലം കഴിഞ്ഞതിനുശേഷം അവർതമ്മിൽ സ്പർദ്ധയുണ്ടായി. ഭാഗം കിട്ടുവാൻ അവർ കോടതിയിൽ പോയി. തലേക്കൊല്ലംവരെ ലൈസൻസ്സു കൊടുത്തിട്ടുള്ളതു മൂത്ത മകനായിരുന്നു. അവർ തമ്മിൽ പാട്ടീഷനായിക്കഴിഞ്ഞാൽ, ആദായ ഓഹരിക്കു വല്ല അവകാശവുമുണ്ടെങ്കിൽ വസ്തുവിന്റെ ആദായവീതം കിട്ടുന്നതുപോലെ ഈ ആദായ ഓഹരിക്കു ഈടാക്കുവാൻ സാധിക്കും എന്നു പറഞ്ഞു് ഒരാൾക്കുമാത്രം ലൈസൻസ്സു കൊടുത്തു. ഇങ്ങനെയുള്ള കാര്യത്തിൽ എല്ലാ കൂട്ടവകാശികളുടേയും സമ്മതം മേടിക്കണമെന്നു നിങ്ങൾ പറയും. അതു പറയുവാൻ വളരെ സുലഭമായിരിക്കും. എന്നാൽ അങ്ങിനെ പ്രവൃത്തിക്കാൻ വാസ്തവത്തിൽ വളരെ ബുദ്ധിമുട്ടായ ഒരു സംഗതിയാണു്. ആ കാരണംകൊണ്ടു് ഒരാൾക്കും ലൈസൻസ്സു കൊടുക്കുകയില്ലെന്നു പറയുവാൻ തരമില്ല. എങ്ങിനെയെങ്കിലും അവരെല്ലാവരും യോജിക്കുന്നതായാൽ കൂടുതൽ ആദായം കിട്ടുന്നതക്കവണ്ണം കുറഞ്ഞ സംഖ്യയ്ക്കു വാങ്ങാം. അങ്ങിനെ അവർ തമ്മിൽ യോജിക്കാതെ എനിക്കു കൂടുതൽ ഓഹരി കിട്ടണം, എനിക്കു കൂടുതൽ ഓഹരി കിട്ടണം എന്നുള്ള മത്സരമുണ്ടായി അവർതമ്മിൽ യോജിക്കുകയില്ല. ഞങ്ങൾക്കു് എല്ലാവരുടേയും സമ്മതം കിട്ടുകയില്ലാ. അതുകൊണ്ടു് നിവൃത്തിയുള്ളിടത്തോളം ഞങ്ങൾക്കു വകുപ്പനുസരിച്ചല്ലാതെ യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ല. ഓരോരുത്തരുടേയും Safeguard നോക്കുവാൻ സെക്ഷൻ പ്രകാരം ഞങ്ങൾക്കധികാരമില്ല. അധികാരമില്ലാത്ത പ്രവൃത്തി ചെയ്യുവാൻ വളരെ മടിയുണ്ടു്. നിങ്ങൾ തമ്മിൽ കൊ-ഓപ്പറേറ്റു ചെയ്യുകയാണെങ്കിൽ ഞങ്ങളും അതിനു ശ്രമിക്കാം. ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു.

Mr. A. V. Moothedan *(Chalakkudi)*: Sir, under section 5(*b*) of the Fisheries Act the Diwan Peishkar may make rules. Power is given under that section to the Diwan Peishkar to impose conditions in granting the licence. I say, you must make this consent as a condition precedent to the grant of the licence. The Diwan Peishkar pointed out a case. That is not the case which I had in mind.

മിസ്റ്റർ എ. മാധവപ്രട്ട: ഞാനും പ്രൂഫ്സ് വായിച്ചു മനസ്സിലാക്കീട്ടുള്ളതാണു്.

മിസ്റ്റർ എ. വി. മൂത്തേടൻ: എങ്കിലും ഞാൻ അതൊന്നു സഭയെക്കൂടി വായിച്ചു മനസ്സിലാക്കിക്കൊള്ളട്ടെ.

മിസ്റ്റർ എ. മാധവപ്രട്ട: നിങ്ങൾ വക്കാലത്തു ഫയലാക്കിയപ്പോൾ അന്നു നിങ്ങളുടെ മനസ്സിലുണ്ടായിരുന്നതു തെറ്റിപ്പറഞ്ഞതാണു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. V. Moothedan *(Chalakkudi):* I have never appeared before him.

Mr. A. Madhava Prabhu *(Diwan Peishkar):* I did not say that you appeared before me. You filed a *vakkalath.*

Mr. Deputy President: I wish to bring to the notice of the House that, if any Hon'ble Members appear as vakils before departmental heads it may not be proper for them to move cut motions here on these subjects *(Hear, hear).*

Mr. P. Govinda Menon *(Mulakunnathukavu):* Suppose they involve some general principle.

Deputy President: I only say it will not be in keeping with the dignity of the House.

Mr. A. V. Moothedan *(Chalakkudi):* By our legal experience we learn so many things. The public may stand to benefit by such professional experience.

Deputy President: By the pointed reference made by the Diwan Peishkar the impresssion is that two members appeared before him for something and when they failed there they have moved cut motions here. I do not think it will be very complimentary to the House.

Dr. A. R. Menon *(Minister for Rural Development):* The other vakil may not be a member of this House.

Mr. P. Govinda Menon *(Mulakunnathukavu):* If he happens to be a member, there will be a quarrel. *(Laughter)*

Deputy President: I made only an observation. It is not a ruling.

Mr. A. V. Moothedan *(Chalakkudi):* To the best of my recollections I have never appeared before the present Diwan Peishkar or filed a vakkalath.

Mr. A. Madhava Prabhu *(Diwan Peishkar):* I did not say you appeared.

Mr. K. R. Viswambharan *(Ezhuvas-Talappally):* Nobody will engage you. *(Laughter)*

Mr. A. V. Moothedan *(Chalakkudi):* The Diwan Peishkar himself admits that this is a point to be considered. He only says it is a very difficult problem. He said there may be 60 or 70 persons. That is an exaggeration. There may not be two or three persons involved. In case it is difficult to obtain consent, the Diwan Peishkar may be given power to make an award.

LIBRARY ARCHIVES Kerala Legislative Assembly

Deputy President : What is your position—whether it is not practicable to make rules, or whether there is no provision to make rules.

Mr. A. Madhava Prabhu *(Diwan Peishkar):* There are both the difficulties. Under the Act there is no possibility of making rules. Even otherwise, it is very impracticable.

Mr. A. V. Moothedan *(Chalakkudi):* I maintain there is provision under the Act. The Revenue Member says, it is not practicable to make rules. That is a different matter. I say he has got power and that it is quite practicable. I am only giving suggestions. I cannot go into the details now. I have no fishing interests in Cochin State. If he wants my assistance, I can very willingly give him all the help that I can, in framing the draft rules. But do not say that you have no power. The only question is whether it is practicable. I say it is a very practicable suggestion. I don't press the motion to a division.

Motion, by leave, withdrawn

Cut Motion No. 7

Having a more efficient system of the development of fishery

Mr. C. V. Iyyu *(Kunnamkulam):* Sir, my motion is *to reduce the allotment of Rs. 12,932 for Fisheries by Rs. 2.* My object is *to have a more efficient system of the development of fishery by (a) having an additional fishery research officer who has some research degree in fishery and marine biology (b) to have more fish rearing ponds (c) to train those who deal with fish to catch only male fishes as far as possible (d) to convert tanks such as the Chandra Pushkarani tank in Venganellor village and Kottukulam in Perumpilavu village of Talappilli Taluk into fish-rearing ponds in the inland as an experimental measure (e) and by other methods.*

സർ, ഫിഷറി ഡിപ്പാർട്ട്മെണ്ടിൽ ഗവേഷണാവശ്യാർത്ഥം ഒരു ഉദ്യോഗസ്ഥനെ നിയമിച്ചതിന്റെ റിപ്പോർട്ട് ഇന്നിവിടെ മേശപ്പുറത്തു വെച്ചിട്ടുണ്ട്. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹം ചെയ്തിട്ടുള്ള ജോലികളുടെ സംക്ഷിപ്തമായ ഒരു വിവരണവും കൊടുത്തിട്ടുണ്ട്. ആ പുസ്തകത്തിൽ മത്സ്യവ്യവസായവകുപ്പുകൊണ്ടു രാജ്യത്തിനു ഗുണം വരാവുന്ന എല്ലാ വിഷയങ്ങളും അദ്ദേഹത്തിനു് എഴുന്നതിനു സാധിച്ചിട്ടില്ലെന്നാണു വിചാരിക്കേണ്ടതു്. ഈ വകുപ്പുതന്നെയോ ഗവേഷണമോ നിറുത്തൽ ചെയ്യണമെന്നു ഞാനാവശ്യപ്പെടുന്നില്ല. ഗവേഷണത്തിനു കൂടുതൽ ആളുകളെ നിയമിച്ചു ഗവേഷണം കുറെക്കൂടി പ്രയോജനകരമായി തീരത്തക്കവണ്ണം, എല്ലാവരുംകൂടി യോജിച്ചു കുറെകൂടി ഉത്തമമായ രീതിയിൽ ഗവേഷണം നടത്തി രാജ്യത്തിനു നന്മയുണ്ടാകുവാനായി പ്രവൃത്തിയ്ക്കുന്നതാണു് ഒരു പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണമെന്നുള്ളതാണു ഞാൻ ഈ ഉപക്ഷേപംകൊണ്ടുദ്ദേശിക്കുന്നതു്. അതിന്നായിട്ടാണു് ഈ വിഷയത്തിൽ വിദഗ്ദ്ധത സമ്പാദിച്ചിട്ടുള്ള ഒരാളെ നിയമിക്കണമെന്നാവശ്യപ്പെടുന്നതു്. ഏതു ജാതിക്കാരനായാലും തരക്കേടില്ല, കൊച്ചീക്കാരൻതന്നെ വേണമെന്നുമില്ല. അതുകൊണ്ടു രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി കൂടുതൽ ചിലവാക്കേണ്ടിവന്നാലും നിവൃത്തിയുള്ളിടത്തോളം വിദഗ്ദ്ധനായ ഒരാളെ വേണം നിയമിക്കുവാൻ. നമ്മുടെ ഇപ്പോഴത്തെ മഹാരാജാസ് കോളേജു പ്രിൻസിപ്പാൾ ജന്തുശാസ്ത്രത്തിൽ വിദഗ്ദ്ധനാണല്ലോ. ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായവുംകൂടി അറിയുന്നതു പ്രയോജനകരമായിരിയ്ക്കുമെന്നാണു് എന്റെ വിശ്വാസം.

മിസ്റ്റർ എ. വി. മൂത്തേടൻ: എന്തുശാസ്ത്രം ?

മിസ്റ്റർ സി വി. ഇയ്യു: ജന്തുശാസ്ത്രം. (ചിരി) ജന്തുശാസ്ത്രത്തിൽ മത്സ്യഗവേഷണത്തിൽ ഡിഗ്രി എടുത്തിട്ടുള്ള ഒരാളെ നിയമിക്കണമെന്നാണു് എനിയ്ക്കു് അഭ്യർത്ഥിയ്ക്കുവാനുള്ളതു്. മത്സ്യം ധാരാളമായി കിട്ടുന്നതിനു സൌകര്യമില്ലാത്ത സ്ഥലങ്ങളുണ്ടു്. കുന്നംകുളത്തു സമീപത്തുള്ള ബ്രിട്ടീഷിൽനിന്നും മത്സ്യം ധാരാളം കിട്ടും. അവിടെനിന്നും നാലോ അഞ്ചോ മൈൽ മാറിയുള്ള ഉൾപ്രദേശങ്ങളിലും, വടക്കാഞ്ചേരി, ചിറ്റൂർ മുതലായ സ്ഥലങ്ങളിലും മത്സ്യം കിട്ടുവാൻ പ്രയാസമാണു്. മത്സ്യവ്യവസായത്തിന്റെ അഭിവൃദ്ധിയുടെ വശങ്ങളെക്കുറിച്ചു സംസാരിയ്ക്കുന്നതുകൊണ്ടു് ഈ സഭയ്ക്കു ഭിന്നാഭിപ്രായമുണ്ടായിരിയ്ക്കയില്ലല്ലോ. (ചിരി) മത്സ്യം എത്രയും വർദ്ധിപ്പിയ്ക്കേണ്ടുന്ന ചുമതലയും ഘട്ടവും അടുത്തിരിയ്ക്കുന്നു. ഈ എറണാകുളത്തുള്ള കായലിലും മത്സ്യം കുറഞ്ഞുപോയിരിക്കുന്നതായി മത്സ്യഗവേഷകൻ പറയുന്നു. തുപ്രയാർ പുഴയിലും കുറഞ്ഞിരിക്കുന്നുവത്രേ! അവിടത്തെ ക്ഷേത്രത്തിൽതന്നെ മത്സ്യഊട്ടു കഴിയ്ക്കുന്നുണ്ടു്. പത്തും ഇരുപതും പറ അരി മത്സ്യഊട്ടിനുവേണ്ടി അവിടെ ചിലവാക്കുന്നുണ്ടു്. എന്നിട്ടുപോലും അവിടെ മത്സ്യം വളരെ കുറവായിരിയ്ക്കുന്നു എന്നു ഗവേഷകന്റെ റിപ്പോർട്ടിൽ കാണുന്നു. അതിന്റെ കാരണമെന്താണെന്നുള്ളതിനെക്കുറിച്ചു കായ്മയായി ചിന്തിയ്ക്കേണ്ട ഒരു ഘട്ടം സമീപിച്ചിരിയ്ക്കുന്നു. മത്സ്യം പിടിയ്ക്കുവാനുപയോഗിയ്ക്കുന്ന വലയുടെ കണ്ണികളുടെ അളവു നിയമപ്രകാരം നിണ്ണയിച്ചു പ്രായം കുറഞ്ഞതരം മത്സ്യങ്ങളേയും കൂടി പിടിച്ചു നശിപ്പിച്ചുകളയാതെ തടയുന്നതിനുള്ള നിയമങ്ങൾ നോർവെ, ജാപ്പാൻ മുതലായ രാജ്യങ്ങളിൽ ഉള്ളതായി അറിയുന്നു. ഒരു പെൺമത്സ്യത്തിന്റെ ആയുസ്സിൽ കുറഞ്ഞപക്ഷം രണ്ടു പ്രാവശ്യത്തിൽ കുറയാതെ സന്താനപരിപോഷണത്തിനു സാധിക്കുന്നതിനുമുമ്പിൽ അതു പത്തുപോകുന്നതിനു് ഇടയാകരുതു്. പരിഷ്കൃതരാജ്യങ്ങളിൽ ഇത്തരം ചില നിയന്ത്രണങ്ങൾ നടപ്പിലുള്ളതു് ഇവിടെയും നടപ്പിലാക്കുന്നതു നല്ലതായിരിക്കും.

മത്സ്യധനം എത്രയും വർദ്ധിപ്പിച്ചു കൊണ്ടുവരേണ്ട ചുമതല ഗവൺമെണ്ടിനുണ്ടെന്നുള്ള ഘട്ടത്തിലെത്തിയിരിക്കുന്നു. ഫിഷറി വിദഗ്ദ്ധന്റെ റിപ്പോർട്ടിൽ എറണാകുളത്തെ കായലിൽതന്നെയും മത്സ്യം കുറഞ്ഞുപോയിട്ടുണ്ടെന്നു സമ്മതിക്കുന്നു. തുപ്രയാർ പുഴയിൽ മത്സ്യം കുറഞ്ഞുവരുന്നതാണു് അത്യുത്കടം!

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ചോറിട്ടുകൊടുത്താൽ തിന്നാൻ മത്സ്യമുണ്ടു്.

മിസ്റ്റർ സി. വി. ഇയ്യു: മത്സ്യഗവേഷകൻ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറയുന്നതിനെ അടിസ്ഥാനപ്പെടുത്തിക്കൂടിയാണു് ഞാൻ പ്രസ്താവിക്കുന്നതു്. അദ്ദേഹത്തിന്റെ റിപ്പോർട്ടിലും മത്സ്യം പിടിക്കാനുപയോഗിക്കുന്ന വലയുടെ ക

LIBRARY ARCHIVES Kerala Legislative Assembly

ണ്ണികളുടെ അളവു നിണ്ണയിക്കേണ്ടതിന്റെ ആവശ്യം വിശദമാക്കീട്ടുണ്ട്. ബാല മത്സ്യങ്ങൾ നശിക്കാതെയിരിപ്പാനാണ് അതു്. മത്സ്യങ്ങൾക്കു സന്താനപുഷ്ടി യുണ്ടാകുന്നതു പല പ്രദേശങ്ങളിലും അല്പാല്പം വ്യത്യാസമുണ്ടാകും. ആവക ആഴ്ചകളോ മാസങ്ങളോ ഓരോ സ്ഥലങ്ങളിലുമുള്ളവർ കണ്ടുപിടിക്കാൻ ശ്രമിക്കയും ആവക സമയങ്ങളിൽ ആ പ്രദേശങ്ങളിൽനിന്നും മത്സ്യം പിടിക്കാതിരിക്കുന്നതിനു് എന്തെങ്കിലും നിയന്ത്രണം ചെയ്കയും ചെയ്യേണ്ടതു് ആവശ്യമാണ്. ഇതു കായലിലും കടലിലും പുഴകളിലും കുളങ്ങളിലും അല്പാല്പം വ്യത്യസ്തമായിരിക്കും. മത്സ്യവല്പനവിനു അനിയന്ത്രിതമായ മീൻപിടുത്തം ഒരു തടസ്സമായിരിക്കും. മത്സ്യത്തിനു സന്താനാഭിവൃദ്ധിയുണ്ടാകുന്നതിനു് ഇടയാകാതെ അവയെ പിടിച്ചു കൊല്ലുന്നതായ പതിവു നൂറാണ്ടുകളായി അനിയന്ത്രിതമായി നടന്നുകൊണ്ടിരുന്നതിന്റെ ദോഷഫലം നാം ഇപ്പോൾ അനുഭവിക്കയാണ്. സൗണ്ഡ്‌ലെണ്ട്, ജാപ്പാൻ, നോർവെമുതലായ മത്സ്യവ്യവസായം അഭിവൃദ്ധി പ്രാപിച്ചുവരുന്ന രാജ്യങ്ങളിൽ ഇത്തരം നിയന്ത്രണങ്ങൾ ഉള്ളതായി അറിയുന്നു. ഓരോജാതി മത്സ്യത്തിനുപോലും സന്താനോല്പാദനമുണ്ടാകുന്നതിനും കാലവ്യത്യാസമുണ്ടാകാം. അതുകൊണ്ട് ആ സമയങ്ങൾ എപ്പോഴെല്ലാമാണെന്നുകൂടി ഓരോരോ സ്ഥലത്തും പരീക്ഷണം നടത്തി ആ കാലത്തും ആ സ്ഥലങ്ങളിലുംനിന്നു മത്സ്യം പിടിക്കാതിരിക്കാൻ വേണ്ട നിയന്ത്രണം ചെയ്യേണ്ടതാണ്.

മിസ്റ്റർ എം. കെ. ദേവസ്സി: ഈ സ്ത്രീമത്സ്യങ്ങളെമാത്രം പിടിക്കരുതെന്നു പറയുന്നതിന്റെ സൂത്രം എന്താണു്.

മിസ്റ്റർ സി. വി. ഇയ്യു: അതിനെക്കുറിച്ചു പറഞ്ഞുവരികയാണ്. മിസ്റ്റർ ദേവസ്സി ചോദിച്ചതിനു് സമാധാനം പറയാനുള്ളതു മത്സ്യവർഗ്ഗം മറ്റു പല ജന്തുവർഗ്ഗങ്ങളെപ്പോലേയും ഏക ഭാര്യാവ്രതത്തേക്കാൾ ബഹുഭാര്യാവ്രതമാചരിക്കുന്ന വർഗ്ഗമായിട്ടാണു് ഊഹിക്കപ്പെട്ടിരിക്കുന്നതു്. (ചിരി)

മിസ്റ്റർ എം. കെ. ദേവസ്സി: മനുഷ്യരെപ്പോലെ ആണോ?

മിസ്റ്റർ സി. വി. ഇയ്യു: ചില മനുഷ്യരെപ്പോലെ (ചിരി). അതുകൊണ്ട് ആൺവർഗ്ഗത്തിലുള്ള മത്സ്യങ്ങൾ കുറഞ്ഞാലും തരക്കേടില്ല, പെൺമത്സ്യങ്ങളെ പാടുള്ളിടത്തോളം പിടിച്ചു കൊല്ലാതെ കഴിയുമോ എന്നു പരീക്ഷിച്ചുനോക്കേണ്ടതാണ്. മലങ്കാട്ടു നിയമത്തിൽ ചില ജാതിയിലുള്ള പെൺമൃഗങ്ങളെ വെടിവെച്ചു കൊല്ലരുതെന്നു നിയമമുണ്ടല്ലോ. നാളെതന്നെ ഈ പദ്ധതി നടപ്പിൽ വരുത്താൻ കഴിയുമെന്നല്ല ഞാൻ പറയുന്നതു്. Even if it takes five or ten years it will not be a loss. Even if a sum of Rs. 10,000 is spent on such work, it will not be spent in vain. "To have a more efficient system of the development of fishery" എന്നേ എന്റെ ഉപക്ഷേപത്തിൽ വിവക്ഷിച്ചിട്ടുള്ളൂ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു നൂറാണ്ടിനുള്ളിൽ!

മിസ്റ്റർ സി. വി. ഇയ്യു: അത്രയും കാലം വേണ്ട. ജപ്പാനിലും മറ്റും ചില വർഗ്ഗത്തിൽ പെൺജാതി മത്സ്യങ്ങളെ നശിപ്പിക്കരുതെന്നു പ്രത്യേകം നിയമമുള്ളതായി ഞാൻ വായിച്ചിട്ടുണ്ട്. അതെല്ലാം ഒരു നൂറാണ്ടുകൊണ്ടു് നടപ്പിൽ വന്നതല്ല. വലിയവയും വിലപിടിച്ചുതരത്തിൽ ഉൾപ്പെടുന്നവയുമായ മത്സ്യങ്ങളുടെ കായ്യും മാത്രം നോക്കി കണ്ടുപിടിക്കാൻ പത്തുകൊല്ലത്തിലധികം കാലം വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പെൺമത്സ്യങ്ങളെ എങ്ങിനെ തിരിച്ചറിയാം?

മിസ്റ്റർ സി. വി. ഇയ്യു: അതിനു മാർഗ്ഗമുണ്ടു്. ചിലതരം മത്സ്യവർഗ്ഗങ്ങളിൽ പെൺജാതികളെ ഇവിടത്തെ മീൻപിടിത്തക്കാക്കുതന്നെ തിരിച്ചറിയാൻ സാധിക്കുമെന്നു് അവർ എന്നോടു പറഞ്ഞിട്ടുണ്ടു്. ഉപ്പുനാടുകളിൽ മത്സ്യം വളത്താനുള്ള സൌകര്യങ്ങളുണ്ടാക്കുന്നതിനു ഗവമ്മെണ്ടു് ഏതാണ്ടു ചില പ്രവർത്തനങ്ങളും ചെയ്യുന്നതിനുള്ള ലക്ഷണം ബഡ്ജറ്റിൽനിന്നു കാണുന്നുണ്ടു്. ഞാറക്കൽ ഒരു കുളത്തിൽ മത്സ്യം വളർത്തുന്നതിനു കുറെ സംഖ്യ അനുവദിച്ചുകാണുന്നുണ്ടു്. എന്നാൽ മത്സ്യം വളർത്തുന്നതിനുള്ള സൌകര്യങ്ങളും വടക്കൻ താലൂക്കുകളിൽ ചില സ്ഥലങ്ങളിലും ഉണ്ടു്.

എങ്ങിനെ ആയാലും ഈ രാജ്യത്തിൽ മത്സ്യവ്യവസായം വളർത്തിയിട്ടു അതിൽനിന്നുള്ള ആദായം വളർത്തിക്കണമെന്നാണു ഞാൻ ഈ ഉപക്ഷേപംകൊണ്ടു് അപേക്ഷിക്കുന്നതു്.

മിസ്റ്റർ സി. കെ. എസ്സു്. മണി: മിസ്റ്റർ പ്രസിഡണ്ടു്, സർ, ബഹുമാനപ്പെട്ട കുന്ദംകുളം മെമ്പർ അവതരിപ്പിച്ചിട്ടുള്ള ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. അപ്രായോഗികങ്ങളായ വല്ല പ്രസംഗങ്ങളും ചെയ്തുകൊണ്ടു് ഇവിടെ കായ്മില്ല. പ്രായോഗികങ്ങളായ എന്തെങ്കിലും പ്രവൃത്തിക്കണം. കൊച്ചിയിൽ ഇപ്പോൾ ഒരു ഫിഷറി റിസർച്ചു് ആപ്പീസറുണ്ടു്. അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം ഈ സഭയിലെ ഒരു പ്രത്യേക കോണിൽനിന്നും ആ ആപ്പീസറെപ്പറ്റിയും അദ്ദേഹത്തിന്റെ റിസർച്ചുവക്കിനെപ്പറ്റിയും ചില ചോദ്യങ്ങൾ ഞാൻ കേട്ടിട്ടുണ്ടു്. സാധാരണ മത്സ്യവ്യവസായത്തെക്കുറിച്ചു് എന്തെങ്കിലും പ്രതിപാദിക്കുമ്പോൾ അതിൽ വലിയ ശ്രദ്ധപതിച്ചുകാണാത്ത പലരും ആ കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ടു്. ഇതിനു നിദാനമായ കാരണം എന്തുതന്നെയായാലും ഇവിടത്തെ റിസർച്ചു് ആപ്പീസറെക്കൊണ്ടും അദ്ദേഹത്തിന്റെ ഗവേഷണങ്ങളെക്കൊണ്ടും എന്റെ സമുദായത്തിനും മത്സ്യവ്യവസായത്തിനും കായ്മയായ ഗുണം ഉണ്ടായിട്ടുണ്ടെന്നും ഗുണമുണ്ടാകുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഞാൻ ഒരു മാസ്റ്റർ "ഫിഷർമാനുമല്ല" ഒരു "ഫിഷറി എക്സ്പർട്ടു"മല്ല. കുന്ദംകുളം മെമ്പർ അങ്ങിനെ വല്ലതുമായിരിക്കാം. ഞാൻ ഇതു സമ്മതിച്ചുകൊടുക്കാം.

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ മത്സ്യം ധാരാളം തിന്നുന്ന ഒരാളാണു്; എക്സ്പർട്ടല്ല.

മിസ്റ്റർ സി. കെ. എസ്സു്. മണി: ഞാൻ പറയുന്നതു് ഈവക കായ്മങ്ങളിൽ എന്റെ സമുദായത്തിന്റേയും മത്സ്യവ്യവസായത്തിന്റേയും താല്പര്യങ്ങൾ മാത്രമേ ഗവമ്മെണ്ടു നോക്കേണ്ടതുള്ളു.

ഇവിടത്തെ ബഡ്ജറ്റുപ്രസംഗാവസരത്തിൽ ഈ സഭയിലെ പ്രതിപക്ഷനേതാവു് മിസ്റ്റർ ടി. കെ. നായർ കൊച്ചിയിലെ വ്യവസായങ്ങളെപ്പറ്റി പറഞ്ഞപ്പോൾ ഷാർക്കുലിവർ ഓയിൽ ഇൻഡസ്ട്രിയെ വികസിപ്പിക്കേണ്ട കായ്മത്തെപ്പറ്റി സംസാരിക്കുകയുണ്ടായി. യുദ്ധം തുടങ്ങിയതിനുശേഷം "കോഡു് ലിവർ ഓയിൽ" കിട്ടാതെ വന്നതുകൊണ്ടു് പല ഗവമ്മെണ്ടുകളും ഷാക്കുലിവർ ഓയിൽ അതിനു വേണ്ടി ഉപയോഗിച്ചുതുടങ്ങീട്ടുണ്ടു്. ഇപ്പോൾ മദ്രാസു് ഗവമ്മെണ്ടു കോഴിക്കോട്ടു് ഒരു ഫാക്ടറി ഇതിനു സ്ഥാപിച്ചിട്ടുള്ളതു മിസ്റ്റർ നായർ സന്ദർശിച്ചതായി ഇവിടെ പ്രസ്താവിച്ചു. എന്റെ അന്വേഷണത്തിൽ കൊച്ചിയിൽ ൩,൦൦, ൪൦൦ പാട്ടകളോളം ഷാക്കുലിവർ ഓയിൽ കിട്ടുമെന്നു് അറിയുന്നു. ഈ വ്യവസാ

LIBRARY ARCHIVES Kerala Legislative Assembly

യത്തെ പുരോഗമിപ്പിക്കുവാൻ റിസർച്ച് ആപ്പീസറോട് ആവശ്യപ്പെട്ടാൽ കൊള്ളാമെന്ന ഞാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. വിപുലമായ തോതിൽ ഒരു ഗവേഷണത്തിന് അദ്ദേഹത്തെ നിയോഗിക്കുന്നതു നന്നായിരിക്കും.

ഇനി എനിക്ക് ഒന്നു പറയുവാനുള്ളതു ബഹുമാനപ്പെട്ട കുട്ടംകുളം മെമ്പറുടെ മറ്റൊരഭിപ്രായത്തെപ്പറ്റിയാണ്. അദ്ദേഹം പറയുന്നു പെൺമത്സ്യങ്ങളെ പിടിക്കുവാൻ പാടില്ല, പുരുഷമത്സ്യങ്ങളെ മാത്രമേ പിടിക്കുവാൻ പാടുള്ളു എന്ന്. ഏതുക്രമത്തിലാണ് ഇതു സാധിക്കുന്നതെന്ന് അദ്ദേഹം ഒന്നും പറഞ്ഞതായിട്ട് എനിക്കു തോന്നുന്നില്ല. ആൺമത്സ്യങ്ങളെ എല്ലാം പിടിച്ചാൽ അദ്ദേഹത്തിന്റെ ഉദ്ദേശം എങ്ങിനെ സാധിക്കും? ധാരാളം മത്സ്യം ഉണ്ടാകണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ ഉദ്ദേശമെങ്കിൽ പുരുഷമത്സ്യമില്ലാതെ സന്താനോല്പാദനമുണ്ടാകുന്നതെങ്ങിനെയെന്ന മനസ്സിലാകുന്നില്ല. പുരുഷമത്സ്യത്തെ നശിപ്പിക്കുവാൻ ഗവമ്മെണ്ട് ഒരു നിയമമുണ്ടാക്കുന്നപക്ഷം സന്താനോല്പാദനത്തിനു സാധിക്കാത്ത വല്ല പുരുഷമത്സ്യങ്ങളുമുണ്ടെങ്കിൽ അവയെ മാത്രം നശിപ്പിച്ചാൽ മതിയാവുന്നതാണ്. (ചിരി)

മിസ്റ്റർ എ. മാധവപ്രഭു: സർ, ഈ ഉപക്ഷേപത്തിൽ ര ഉപവകുപ്പുകൾ കാണുന്നുണ്ട്. അതിലൊന്നു "An additional fishery research officer who has some research degree in fishery and marine biology" വേണമെന്നാണ്. ഇങ്ങിനെ ഒരു ഡിഗ്രിതന്നെ ഉണ്ടോ എന്നു അറിഞ്ഞുകൂടാ.

മിസ്റ്റർ സി. വി. ഇയ്യു: ഈ ഡിഗ്രിയില്ലെങ്കിലും ഇതിനു തുല്യമായ ഡിഗ്രി എടുത്തിട്ടുള്ള ആളുണ്ട്.

മിസ്റ്റർ എ. മാധവപ്രഭു: ഏതായാലും ഒരു ഫിഷറി റിസർച്ച് ആഫീസറെ നിയമിച്ച് ഒന്നിൽ ചിലവാനം കൊല്ലമായിട്ട് അദ്ദേഹത്തെക്കൊണ്ടു പണിയെടുപ്പിക്കുന്നുണ്ട്. അതിന്റെ ഫലം ഏകദേശം മനസ്സിലാക്കിയതിനുശേഷം, ഇങ്ങിനെ ഇനി പണം ചിലവുചെയ്താൽ വല്ല ഗുണവും ഞങ്ങളുടെ ഡിപ്പാർട്ടുമെണ്ടിനു കിട്ടുമെന്നു മനസ്സിലാക്കിയതിനുശേഷം മാത്രമേ ഇതിൽ പണം ചിലവു ചെയ്യേണ്ടതുള്ളു എന്നാണു ഗവമ്മെണ്ടും വിചാരിക്കുന്നതു്. ഞങ്ങളും നിയമിച്ചിട്ടുള്ള റിസർച്ച് ആപ്പീസ്സറെക്കൊണ്ട് ഏതുസംഗതിയിലാണു ഡിപ്പാർട്ടുമെണ്ടിലേക്കു ഗുണം കിട്ടുന്നതെന്ന് അദ്ദേഹത്തിന്റെ റിപ്പോർട്ട് വായിച്ചു നോക്കിയതിനുശേഷമേ തീർച്ചയാക്കുവാൻ സാധിക്കുകയുള്ളു.

ഇപ്പോൾ ഫിഷിംഗ് സെക്ഷനെ ഡിവൈഡ് ചെയ്തിരിക്കുന്നതു് (എ) ബാക്കുവാട്ടർ ഫിഷിംഗ്, (ബി) ഇൻലാൻറ് ഫിഷിംഗ്, (സി) സീഫിഷിംഗ് ഇങ്ങിനെ മൂന്നായിട്ടാണ്. ബാക്കുവാട്ടർ ഫിഷിംഗിനെ സംബന്ധിച്ചിടത്തോളം ഈ റിസർച്ചുകൊണ്ട് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. ഇപ്പോഴത്തെ റിസർച്ച് ആപ്പീസർക്കുതന്നെ കായലിൽ ഒന്നും ചെയ്യുവാൻ സാധിച്ചിട്ടില്ല. പിന്നെ ഇൻലാൻറ് ഫിഷറിയെ സംബന്ധിച്ചു നോക്കിയാൽ അതിൽ ആരെക്കൊണ്ടും ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. വേറെ ഒന്നുള്ളതു സീഫിഷിംഗാണ്. ഇതിൽ വല്ലതും ചെയ്യുവാൻ സാധിക്കുമോ എന്നുള്ളതു പരീക്ഷിച്ചുനോക്കണം. റിസർച്ച് ആപ്പീസർ ഒന്നു സജസ്റ്റ് ചെയ്തിട്ടുണ്ട്. അതിനു പത്തുനാല്പതിനായിരം ഉറുപ്പിക ചിലവുചെയ്ത് ഒരു ട്രാൾ വാങ്ങിക്കണം. കുറെ വഞ്ചികളും വേണം. അതുകൂടാതെ കടലിൽ പത്തുപന്ത്രണ്ടു നാഴിക അകലെ പോണ്ടുപോകണം. വെറുതെ കൊണ്ടുപോയാൽപോരാ. മത്സ്യമുള്ള ദിക്ക് എവിടെയാണോ അവിടെ കൊണ്ടുപോയി മത്സ്യം പിടിച്ചു വഞ്ചിയിൽ ഇടണം. ചിലപ്പോൾ അഞ്ചാറുദിവസം കടലിൽ

LIBRARY ARCHIVES Kerala Legislative Assembly

താമസിക്കേണ്ടിവരും. അതുകൊണ്ട് ഭക്ഷണസാധനങ്ങളുംകൂടി കൊണ്ടുപോകണം. ക്രൂടാതെ കിട്ടുന്ന മത്സ്യത്തിനു കേടുവരാതിരിക്കുവാനുള്ള മാർഗ്ഗവും എടുക്കണം. ഇതാണ് ആ സജഷൻ. ഈമാതിരി സജഷൻ പലേ സ്ഥലങ്ങളിലും പുറപ്പെടുവിച്ചിട്ടുണ്ട്. ഗവമ്മെണ്ടിൽനിന്നും നിശ്ചയിച്ചിട്ടുള്ള റിസർച്ച് ആഫീസർ ഈമാതിരി സജഷൻ പറയുകയും അതു വക്ബിളാണോ എന്നു ഗവമ്മെണ്ടിൽനിന്നും നോക്കുകയുംചെയ്തിട്ടുള്ളതിൽ ആക്ടം മുന്നിട്ട പ്രവേശിക്കുവാൻ ധൈര്യമുണ്ടാകത്തക്ക റിസൾട്ട്സു (results) കളൊന്നും കിട്ടിയിട്ടില്ല. ഈ സ്കീം വക്കൌട്ട് (work out) ചെയ്യണമെങ്കിൽ നാല്പതിനായിരം മുതൽ അമ്പതിനായിരം രൂപവരെ ചിലവുചെയ്യണം. എന്നാൽ ഇതിന്റെ ഭാവിയെന്താണെന്നു എക്സ്പരിമെന്റുചെയ്യ അറിയാമെന്നല്ലാതെ ഇതുകൊണ്ടു വല്ല ഗുണവുമുണ്ടാകുമെന്നു പറയാൻ സാധിക്കുകയില്ല. ഇത്രത്തോളം സംഖ്യ ചിലവുചെയ്യുന്നതിനെപ്പറ്റി ഗാഢമായി ആലോചിക്കേണ്ടതാണ്. അസ്സിഷണൽ റിസർച്ചാഫീസറുടെ പണി ഇങ്ങനെ കഴിഞ്ഞു.

ഇനി പറയാനുള്ളതു് to have more fish rearing ponds എന്നുള്ളതിനെപ്പറ്റിയാണ്. ഇതിനു പറ്റിയ സ്ഥലങ്ങളിലൊക്കെ ഗവേഷണത്തിനു റിസച്ചാഫീസറെ നിയമിച്ചിട്ടു് ഉപയോഗമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു പറയത്തക്ക ഗുണവും ഉണ്ടാകയില്ല. അതിനു് ആവശ്യവുമില്ല. പിന്നെ ചന്ദ്രപുഷ്കരണിക്കുളവും തലപ്പിള്ളി താലൂക്കിലെ മറവു കുളങ്ങളും ഇതിനു നല്ലതാണൊ എന്നുള്ളതുനോക്കീട്ടില്ല. ഞാറക്കൽ ഇതിനു് ഒരു പോണ്ട് എക്സ്പരിമെൻറലായിട്ടു തുടങ്ങീട്ടുണ്ട്. വരുനാകൊല്ലത്തിൽ അതൊരു ഫിഷ് റീയറിംഗ്പോണ്ടായി ഉപയോഗിച്ചു്, നാലഞ്ചു കൊല്ലം പരിശോധിച്ചതിനുശേഷം, വേണമെന്നുണ്ടെങ്കിൽ, അതുപോലെ വേറെയും തുടങ്ങുവാൻ വിരോധമില്ല എന്നുള്ള മനസ്ഥിതിയോടുകൂടിയാണ് അതിപ്പോൾ തുടങ്ങീട്ടുള്ളതു്. അതിന്റെ എക്സ്പരിമെൻറിൽ ഗുണമുണ്ടെങ്കിൽ ബാക്കിയുള്ള സ്ഥലങ്ങളിലും തുടങ്ങുവാൻ വിരോധമില്ല.

പിന്നെ to catch only male fishes as far as possible എന്നു പറഞ്ഞിട്ടുണ്ട്: ഇതെങ്ങിനെ തിരിച്ചറിയുമെന്നു ചോദിച്ചാൽ മിസ്റ്റർ ഇയ്യു പറയും, അതു റിസച്ച്കൊണ്ടു കണ്ടുപിടിക്കുവാൻ സാധിക്കുമെന്നു്. ഇല്ലെന്നു ഞാനും പറയുന്നില്ല. റിസച്ച്വക്കുകൊണ്ടു അറിയാമായിരിക്കാം. ഒരു സംഗതി പറയാനുള്ളതു് ഒരു മത്സ്യംപിടുത്തക്കാരനു് ഒരുദിവസം മത്സ്യം പിടിക്കുവാൻ പോയാൽ മുമ്പേയൊക്കെ ആറേഴണയുടെ മത്സ്യം കിട്ടിയിരുന്നു; എന്നാൽ അതും ഇപ്പോൾ കിട്ടുന്നില്ല എന്നുള്ളതാണു്. കിട്ടുന്നതു പെൺ മത്സ്യമാണെങ്കിൽ അതിനെ ഉപേക്ഷിക്കണമെന്നു പറഞ്ഞാൽ അതു് അയാൾ സമ്മതിക്കുകയില്ല. അതു് എൻഫോഴ്സുചെയ്യാൻ സാദ്ധ്യമല്ല. അതുകൊണ്ടു ഇതു് തിരിച്ചറിയാൻ സാധിച്ചാലും വക്ബിലെ പ്രൊപ്പോസിഷനല്ല. വേറെ ഒരു ബുദ്ധിമുട്ടുണ്ട്. മത്സ്യത്തെ പിടിച്ചു് അതു പുരുഷനോ സ്ത്രീയോ എന്നു നോക്കിക്കഴിയുന്നതിനുമുമ്പുതന്നെ അതു ചത്തുപോകും. അതിനാൽ ഇതു പെട്ടെന്നു സാദ്ധ്യമാണെന്നു കാര്യം എനിക്കു തോന്നുന്നില്ല. അതുകൊണ്ടു ഈ കാര്യത്തിലും ഗവമ്മെണ്ടിനു ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല.

By other methods എന്താണെന്നുള്ളതിനെപ്പറ്റിയൊന്നും ഇവിടെ പറഞ്ഞില്ല. ഇതിൽ ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു. അതുകൊണ്ടു് ഒരു അസ്സിഷണൽ ഫിഷറി റിസച്ചാഫീസറെ തല്ക്കാലം നിയമിക്കുന്നതിനു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പിന്നെ ഈ വഴ്ക്കാരെ എത്രത്തോളം സഹായിക്കുവാൻ സാധിക്കുമോ അത്രത്തോളം സഹായിക്കുന്നതിൽ ഞങ്ങൾക്കു സന്തോഷമാണുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട ഡെപ്യൂട്ടിപ്രസിഡെണ്ടു് രണ്ടുമി നിട്ടേ സമയമുള്ളുവെന്നുപറഞ്ഞതുകൊണ്ടാണു് ഞാൻ By other methods എന്ന തിനെപ്പററി ആദ്യം പറയാഞ്ഞതു്. ഫിഷറിറിസച്ചുവക്കാഫീസർ Oyster എ ന്ന ഒരുവക മത്സ്യത്തെകുറിച്ചു റിപ്പോട്ടിൽ പറയുന്നുണ്ടു്. അതിൽനിന്നു മുത്തെ ടുക്കാമെന്നു് അദ്ദേഹം പറയുന്നു. അതു പരീക്ഷിച്ചുനോക്കേണ്ടതാണു്. അതുഫല പ്രദമാകുമെങ്കിൽ ഗവമ്മെണ്ടിനു് വളരെ ലാഭമുണ്ടാകാൻ മാർഗ്ഗമുണ്ടു്. എലക്ട്രി സിറ്റിയുടെ പ്രയോഗംകൊണ്ടു മത്സ്യത്തിൽനിന്നും മുത്തുണ്ടാക്കാമെന്നും ഞാൻ വായിച്ചറിഞ്ഞിട്ടുണ്ടു്.

മിസ്റ്റർ എ. മാധവപ്രഭു: മുത്തെടുക്കാവുന്ന മത്സ്യത്തെകുറിച്ചുപറഞ്ഞുവല്ലൊ, അതു തുത്തുക്കുടി ഭാഗങ്ങളിലേയുള്ളു എന്നാണു് ഞാനിതുവരെ മനസ്സിലാക്കീട്ടു ള്ളതു്.

മിസ്റ്റർ സി. വി. ഇയ്യു: മത്സ്യഗവേഷണ റിപ്പോട്ടിൽനിന്നു ഞാൻ ഇതു വിശദമിച്ചിട്ടുള്ളതാണു്. എല്ലാമത്സ്യങ്ങളേയും ജീവനോടെ കിട്ടി എന്നുവരുന്ന തല്ല. ചിലതിന്റെ ജീവൻ വെള്ളത്തിൽനിന്നെടുത്താൽ അപ്പോൾതന്നെപോ കും, പിടിച്ചെടുത്താലും ദീർഘജീവിതം കിട്ടുന്ന മത്സ്യങ്ങളിൽനിന്നേ ഞാൻപറ ഞ്ഞതരത്തിലുള്ള ഗവേഷണം നടത്താൻ സാധിക്കുകയുള്ളു.

സന്താനോല്പാദനമുണ്ടാകാത്ത ആൺമത്സ്യത്തിന്റെ കാര്യത്തെപ്പററി മി സ്റ്റർ മണി പറയുകയുണ്ടായി. മനുഷ്യരിലും സന്താനം ഉണ്ടാകാത്ത തരത്തിലു ള്ള പുരുഷന്മാർ ഉണ്ടത്രേ! ബഹുമാനപ്പെട്ട മിസ്റ്റർ മണിയുടേയും എന്റേയും കാ ര്യംതന്നെ തീർച്ചയാകണമെങ്കിൽ അതിനും റിസർച്ചു് ആവശ്യമാണു്. (ചിരി) ഉപ ക്ഷേപം പിൻവലിക്കുന്നതിനു സഭയുടെ അനുവാദമഭ്യർത്ഥിക്കുന്നു.

Motion, by leave, withdrawn

Cut Motion No. 8

Relief to the distress caused by the Cyclone and floods

* **Mr. T. K. Nayar** *(Pazhayannur):* Sir, I move *to reduce the allotment of Rs. 2,82,610 for Land Revenue by Re. 1.*

(To bring to the notice of the Government the inadequacy of measures adopted by them to relieve the distress caused by the cyclone and floods).

സർ, ഈ ഉപക്ഷേപംകൊണ്ടു എനിക്കു ഗവമ്മെണ്ടിന്റേയും നിയ മസഭയുടേയും ദൃഷ്ടിയിൽ കൊണ്ടുവരുവാനുള്ള വിഷയം അധികപക്ഷവും ഞാൻ എന്റെ ബഡ്ജറ്റുപ്രസംഗത്തിൽതന്നെ ഉദ്ധരിച്ചുകഴിഞ്ഞിട്ടുണ്ടു്. അതിനുശേഷം ഇന്നുകാലത്തു ദിവാൻപേഷ്കാരവർകളും ലാൻഡറവന്യൂ ബഡ്ജറ്റ് അവതരിപ്പിച്ച അവസരത്തിൽ ചെയ്തപ്രസംഗത്തിൽനിന്നു ഞാൻ ഇന്നാലെ ആ വശ്യപ്പെട്ടവിഷയത്തിനു ശരിയായ മറുപടി കിട്ടിയതായി എനിക്കുതോന്നുന്നില്ല. അതു് അദ്ദേഹത്തിന്റെ തെറ്റാണെന്നുപറയുവാൻ ഞാൻ തയ്യാറില്ല. പെട്ടെന്നു് ഇത്രയും വലുതായ ഒരു വിഷയത്തിൽ ഗവമ്മെണ്ടുമായി ആലോചിച്ചുതീരുമാന മുണ്ടാക്കി മറുപടി പറയുവാൻ സാധിക്കാത്തതുകൊണ്ടായിരിക്കാം പറയാഞ്ഞതു്. ഞാൻ ഇന്നാലെ ചൂണ്ടിക്കാണിച്ച വിഷയം, പുഴവെള്ളം കയറിയിട്ടു് കൃഷി നശിച്ചിട്ടുള്ളവയുടെ കാര്യത്തിൽ എന്തെങ്കിലും പ്രവൃത്തിക്കണമെന്നു അദ്ദേഹത്തി

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ന്നബോദ്ധ്യം വന്നിട്ടുണ്ടെന്നും എന്താണു ചെയ്യേണ്ടതു് എന്നു് അദ്ദേഹത്തിന്നു് അറിഞ്ഞുകൂടാ എന്നും പറഞ്ഞു. എന്റെ അനുഭവത്തിൽനിന്നു് ഒരു സ്ഥലം ഞാൻ ഇവിടെ എടുത്തുപറഞ്ഞുവെന്നേയുള്ളു. അന്വേഷിക്കുന്നപക്ഷം കൊച്ചീരാജ്യത്തു് ഇതുപോലെ പലേസ്ഥലങ്ങളിലും ഭൂമികൊടുക്കേണ്ടുപറഞ്ഞിട്ടുള്ളതായി അറിയാൻ സാധിക്കുമെന്നാണു് എന്റെ വിശ്വാസം. ദിവാൻപേഷ്കാരവർകളും അദ്ദേഹത്തിന്റെ അന്വേഷണത്തിന്നിടയിൽ പലസ്ഥലങ്ങളിലും നാശം സംഭവിച്ചിട്ടുള്ളതായി മനസ്സിലായിട്ടുണ്ടെന്നും ഇനിയും നല്ലവണ്ണം അന്വേഷണം നടത്തേണ്ടതുണ്ടെന്നും പറഞ്ഞു. ഈ നാശം സംഭവിച്ചവക്കു ഗവമ്മെണ്ടിൽനിന്നും രക്ഷ ചെയ്യുവാൻ പെട്ടെന്നു സാധിക്കാത്തനിലയിൽ അത്രക്കു ബുദ്ധിമുട്ടിൽ അവർ എത്തിക്കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഈവക വസ്തുഉടമസ്ഥന്മാക്കു യാതൊരു രക്ഷയും ചെയ്യുകയില്ലെന്നോ, ചെയ്യിട്ടില്ലെന്നൊ അല്ല ഞാൻ പറഞ്ഞതു്, അവക്കു രക്ഷചെയ്യുവാൻ വൈകി എന്നാണു ഞാൻ ഗവമ്മെണ്ടിനോടു പറയുന്നതു്. ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള റിലീഫു് കമ്മിറ്റികൊണ്ടു് ഈ വക വസ്തു ഉടമസ്ഥന്മാക്കു യാതൊരു രക്ഷയും കിട്ടുകയില്ല. ഗവമ്മെണ്ടിൽനിന്നു് ഇനിയും അവരെ സഹായിക്കുവാൻ പോകുന്ന അഗ്രിക്കൾച്ചറൽ ലോൺ പദ്ധതിപ്രകാരവും യാതൊരുരക്ഷയും അവക്കുകിട്ടുവാൻ പോകുന്നില്ല. ആ സ്ഥിതിക്കു് എന്തു പദ്ധതിയെടുത്താലാണു് ഈ വക വസ്തു ഉടമസ്ഥന്മാക്കു രക്ഷകിട്ടുവാൻ പോകുന്നതെന്നു ഗവമ്മെണ്ടു് ആലോചിച്ചു് ആ പദ്ധതി നടപ്പിൽ വരുത്തുവാൻ നോക്കണം. രണ്ടുദിവസമായി ഇവിടെയുണ്ടായ വാദപ്രതിവാദത്തിൽ നിന്നു നെൽകൃഷി നശിപ്പിക്കുവാൻ പാടില്ലെന്നും അതിനെ പുഷ്ടിപ്പെടുത്തേണ്ടതു് അത്യാവശ്യമാണെന്നും ഇവിടെ ഗവമ്മെണ്ടു സമ്മതിച്ചുകഴിഞ്ഞു എന്നാൽ പലേസ്ഥലങ്ങളിലും വെള്ളപ്പൊക്കം കൊണ്ടു കൃഷിക്കു വളരെ നാശം സംഭവിച്ചിട്ടുണ്ടു്. വെള്ളപ്പൊക്കത്തിന്നുശേഷംതന്നെ അനവധി കൃഷിസ്ഥലങ്ങൾ പുഴവക്കത്തു കൃഷിചെയ്യുവാൻ നിവൃത്തിയില്ലാതെ ഉപേക്ഷിച്ചിട്ടുള്ളതായി ഞാൻ ദിവാൻപേഷ്കാരവർകളുടെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടു്. ഇപ്പോഴും അതിന്റെ ഉടമസ്ഥൻ നികുതികൊടുക്കുന്നുണ്ടു്. കൃഷി ചെയ്യുന്നുമില്ല. ഒട്ടാകെ നോക്കിയാൽ ഈ രാജ്യത്തിന്നു് ആ സ്ഥലത്തു നിന്നുണ്ടാകുന്ന നെല്ല നഷ്ടമായിപ്പോയി. അതുകൊണ്ടു് ഈ അവസരത്തിൽ ആ വക സ്ഥലങ്ങളും ഉടമസ്ഥന്മാരിൽ നിന്നും ഏറ്റെടുത്തു് അതിൽ കൃഷി ചെയ്യുവാൻ സൌകര്യപ്പെടുത്തേണ്ട ചുമതല ഗവമ്മെണ്ടിന്നുണ്ടെന്നാണു് എന്റെ അഭിപ്രായം. ഇതൊക്കെ പറയുന്നതു് ഒരു വലിയ കയ്യായിരിക്കുമെന്നു തോന്നിയേക്കാം. പെറിയ രോഗത്തിന്നു് ഉപായചികത്സ; വലിയ രോഗത്തിന്നു ചിലപ്പോൾ ഒരു ഭാഗംതന്നെ മുറിച്ചുകളയേണ്ടിവരും എന്നുള്ളതു ഗവമ്മെണ്ടു ധരിച്ചിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. ദുരിതങ്ങൾ പലേ രൂപത്തിലായി ഗവമ്മെണ്ടിനെ ധരിപ്പിച്ചിട്ടുണ്ടു്. ഇതു് അടിയന്തിരമായ ഒരു കാര്യമാണെന്നും എത്രയും വേഗം ഗവമ്മെണ്ടിന്റെ ദൃഷ്ടി ഇതിൽ പതിയേണ്ടതായിട്ടുണ്ടെന്നും ഗവമ്മെണ്ടിനെ ധരിപ്പിച്ചുകഴിഞ്ഞു. എന്നാൽ ഈ വിഷയത്തിൽ ഇന്നതു ചെയ്യണമെന്നു ഗവമ്മെണ്ടിനെ ധരിപ്പിക്കുവാൻ എനിക്കു നിവൃത്തിയില്ല. ദിവാൻപേഷ്കാർ അവർകളും പറഞ്ഞതു് ഇതുവളരെ ആലോചിച്ചു തീരുമാനിക്കേണ്ട ഒരു വിഷയമാണു് എന്നാണു്. അങ്ങിനെ ചെയ്യുന്നതുകൊണ്ടൊന്നും യാതൊരു തീരുമാനവും വരികയില്ല. അതിനെന്താണു വഴി? സെൻട്രൽ കമ്മിറ്റിക്കു റിലീഫു് വക്കു തല്ക്കാലം ചെയ്യുവാൻ അസാദ്ധ്യമായിട്ടേ വരികയുള്ളു. അതുകൊണ്ടു് എന്റെ അഭിപ്രായത്തിൽ രാജ്യത്തൊട്ടാകെ വന്നിട്ടുള്ള നാശമൊക്കെ റിപ്പോർട്ടുചെയ്യുവാൻ ചുരുങ്ങിയതു മൂന്നാളുകൾ അടങ്ങിയ ഒരു കമ്മിറ്റിയെ നിയമിക്കണമെന്നുള്ളതാണു്. അവർ ഈ സ്ഥലങ്ങളൊക്കെ പരിശോധിച്ചു റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണം. ഉദ്യോഗസ്ഥമെമ്പർമാർ അടങ്ങിയ ഒരു കമ്മിറ്റി മതി. അനുദ്യോഗസ്ഥക്കമ്മിറ്റി വേണമെന്നുപറയുന്നില്ല. അവർ ഇതിനു് ഒരു രക്ഷാമാർഗ്ഗം കണ്ടുപിടിക്കണമെന്നാണു ഞാൻ പറയുന്നതു്. ഇതിൽ ഗവമ്മെണ്ടിനേയോ സഭയേയോ ധരിപ്പിക്കുവാൻ എന്റെ കയ്യിൽ പദ്ധതികളൊന്നുമില്ല. അതിനു് ഒരു റിപ്പോർട്ടു വേണം ആ റിപ്പോർട്ടുകിട്ടുവാൻ ഒരു വഴിയുണ്ടാകണമെങ്കിൽ ഒരു കമ്മിറ്റിവേണം. അതുകൊണ്ടു് ഈ വിഷയത്തിൽ ഗവമ്മെണ്ടിനെ ഉപദേശിക്കുവാൻ ഒരു കമ്മിറ്റിയെ നിശ്ചയിച്ചു് കഴിയുന്നവേഗത്തിൽ റിപ്പോർട്ടുവാങ്ങി അതനുസരിച്ചു പ്രവൃത്തിക്കുന്നതിനു പ്രത്യേക നിയമങ്ങളും ഉണ്ടാക്കണമെങ്കിൽ അതുണ്ടാക്കി കൊച്ചീരാജ്യത്തൊട്ടാകെയുള്ള വസ്തുഉടമസ്ഥന്മാക്കു രക്ഷയുണ്ടാക്കികൊടുക്കണമെന്നാണു് ഞാൻ ഗവമ്മെണ്ടിനോടു് ആവശ്യപ്പെടുന്നതു്. ഇതിനു് അനുകൂലമായ ഒരു തീരുമാനം ഗവമ്മെണ്ടിൽനിന്നും ഉണ്ടാക്കണമെന്ന അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ : സർ, ഇതിന്റെ അവതാരകനായ മിസ്റ്റർ നായർ ഒടുവിൽ പറഞ്ഞ വാചകം തന്നെ ഉദ്ധരിച്ചു് ഈ ഉപക്ഷേപം പിൻതാങ്ങാനാണു് ഞാനൊരുങ്ങുന്നതു്.

ഈ ഇടവമാസം മുതൽ ഉണ്ടായ—ആ സംഹാരതാണ്ഡവമെന്നു തന്നെ പറയട്ടെ—അതിന്റെ ഫലമായിട്ടു കൊച്ചീരാജ്യത്തിന്നൊട്ടാകെ പ്രത്യേകിച്ചു് എന്റെ അറിവു ശരിയാണെങ്കിൽ, മുകുന്ദപുരം, തൃശ്ശിവപേരൂർ, തലപ്പിള്ളി ഈ താലൂക്കുകളിലും കൊച്ചികണയന്നൂർ താലൂക്കിൽ ചില ഭാഗങ്ങളിലും വലിയ ആപത്തുകളുണ്ടായിട്ടുണ്ടു് എന്നുള്ളതു് ആർക്കും സമ്മതിക്കാതെ നിവൃത്തിയില്ല. നമ്മൾക്കു കിട്ടീട്ടുള്ള കണക്കുപ്രകാരം തന്നെ കൊച്ചീരാജ്യത്തിൽ കവുങ്ങുകൃഷി ൯൦ ശതമാനവും തെങ്ങു കൃഷി ൩൦ ശതമാനവും നശിച്ചുതായി അറിയുന്നുണ്ടു്. ഗവമ്മെണ്ടു് നമ്മളുടെ അപേക്ഷ കൂടാതെതന്നെ ഒരു കമ്മിറ്റിയെ രൂപീകരിച്ചു് ഈ ദുരിതനിവാരണത്തിന്നുവേണ്ടി പലതും ചെയ്തു. ചെയ്തതിന്നു നന്ദിപറയുന്നതോടുകൂടിതന്നെ കൊച്ചിയിലെ ജനങ്ങളുടെ നന്മയെ ഉദ്ദേശിക്കുന്ന ഗവമ്മെണ്ടു വളരെ അത്യാവശ്യമായി ചെയ്യേണ്ട ഒന്നു രണ്ടു കാര്യങ്ങളും ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണു ഞാനുദ്ദേശിക്കുന്നതു്.

അതായതു ജനങ്ങൾക്കു് ഏതെങ്കിലും തരത്തിൽ രക്ഷകിട്ടണമെങ്കിൽ കുറച്ചുചാക്കു് അരി വിതരണം ചെയ്തുകൊണ്ടോ സാമാനങ്ങളുടെ വില നിയന്ത്രണം നടപ്പിലാക്കിയതുകൊണ്ടോ സാദ്ധ്യമാകയില്ല. ഗവമ്മെണ്ടു നടത്താൻ ഉദ്ദേശിച്ചിട്ടുള്ള മരാമത്തു പണികളും ഏതെങ്കിലുമുണ്ടെങ്കിൽ അതുടനെ നടത്തണം. ഒരുറിലീഫ് വർക്ക് എന്ന നിലയിൽ P. W. D. എന്തെങ്കിലും നടത്തണമെന്നുദ്ദേശിക്കുന്നുണ്ടെങ്കിൽ അതുടനടി നടത്തുക. മുനിസിപ്പാലിറ്റി, പഞ്ചായത്തു മുതലായവ നടത്താൻ തീച്ചയാക്കീട്ടുള്ള പണികളും മറ്റും ഏറെറടുത്തു് ഉടനെ പണി ആരംഭിക്കേണ്ടതാണു്. ബഹുമാനപ്പെട്ട ദിവൻപേഷ്കാർ ദുരിതനിവാരണാനേഷണങ്ങൾക്കായി പല സ്ഥലങ്ങളിലും നടന്നുനോക്കീട്ടുണ്ടു്. അപ്പോൾ അദ്ദേഹത്തിനു അറിയാൻ കഴിഞ്ഞിട്ടുണ്ടു്. കാറിന്റെ ഉപദ്രവത്തിൽനിന്നുള്ള ദുരിതം നീക്കുന്നതോടുകൂടി മലവെള്ളത്തിന്റെ ഉപദ്രവത്തിൽനിന്നുള്ള ദുരിതംകൂടി നീക്കേണ്ടതാണെന്നു്. കാറിൽനിന്നെന്നപോലെതന്നെ മലവെള്ളത്തിൽനിന്നും വളരെ നാശങ്ങൾ ഉണ്ടായിട്ടുണ്ടു്. മലവെള്ളംമൂലം നാശമുണ്ടായിട്ടുള്ള പല സ്ഥലങ്ങളിൽനിന്നും അതിന്റെ ഉടമസ്ഥന്മാക്കു ഇന്നു യാതൊരാദായവും കിട്ടുന്നതല്ല. എന്റെ നിയോജകമണ്ഡലത്തിലെ സ്ഥിതി രണ്ടു ദുരിതവുംകൂടിയാണു്. ഇതിനെ തുടർന്നു നിലനികുതിയെക്കുറിച്ചും രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വാക്കു പറയേണ്ടിയിരിക്കുന്നു. നിലനികുതി ഇളവുചെയ്തുകൊടുക്കേണ്ടതാവശ്യമാണെന്നു ഗവമ്മെണ്ടിനു വിശ്വാസമായിട്ടുണ്ടെന്നാണു് എന്റെ അറിവു്. അതുപോലെ പറമ്പുകളിൽ ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചു പ്രയത്നം ചെയ്യുന്ന കുടിയാന്മാക്കു വസ്തു ഉടമസ്ഥന്മാരിൽനിന്നു വല്ല രക്ഷയും കിട്ടുന്നതിനുള്ള നിയമം കൂടി ഉണ്ടാക്കണമെന്നു ഞാൻ ഉൽബോധിപ്പിക്കുന്നു. അതെത്ര നിയമമാണെന്നു ഞാൻ പറയാതെതന്നെ ഗവമ്മെണ്ടിനറിയാം. ആ നിയമം കൊച്ചി നിയമസഭയിൽ ആലോചനയ്ക്കു വന്നിട്ടുണ്ടു്; അതിനെ വിമർശിച്ചിട്ടുണ്ടു്. അതു വെവ്വാട്ടുകുടിയാൻ നിയമം'നാം വളരെ കാലമായി ആഗ്രഹിക്കുന്ന നിയമം ആണു്. ഇന്നതിനു് എന്തെങ്കിലും ഒരു തീരുമാനമുണ്ടാക്കി ആ സാധുക്കൾക്കു് ഒരു ശാശ്വതമായ രക്ഷ നൽകിയാൽ അതു കൊച്ചിയിലെ ഒരു വലിയ വിഭാഗത്തിനു രക്ഷയായിരിക്കും. ഇപ്പോൾ ഒരു റിലീഫ്'വക്കായി കണക്കാക്കി കാർഷികവായ്പ എന്നോ ഗൃഹനിർമ്മാണകടം എന്നും മറ്റും പറഞ്ഞുകൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള സംഖ്യ കൊടുക്കാതിരുന്നാലും തരക്കേടില്ല. ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ ഇതിനു ശരിയായ സമാധാനം പറയുമെന്നു് എനിക്കറിയാം. 80 രൂപ വീടുന്നാക്കാനെന്നു പറഞ്ഞു കടം മേടിച്ചാൽ അങ്ങിനെ ചെയ്യുന്നവർ വളരെ ചുരുക്കമേയുള്ളു. നേരെ മറിച്ചു വസ്തുവിൽ അവക്കെന്തെങ്കിലും ഒരവകാശം നൽകുകയാണെങ്കിൽ നിലവിലുള്ള ഫലവൃക്ഷങ്ങളുടെ കണക്കുനോക്കി പാട്ടം നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്യുകയാണെങ്കിൽ അതു സാധുക്കൾക്കു് ഒരു റിലീഫാകുന്നതാണു്. അതിനുള്ള സന്നദ്ധത ഗവമ്മെണ്ടിനുണ്ടാകണം. ഈ രാജ്യത്തിലെ ഒരു വലിയ ശതമാനം ആളുകളുടെ താല്പര്യങ്ങൾക്കായി നമ്മൾ ആവശ്യപ്പെടാത്ത പല നിയമങ്ങളും ഗവമ്മെണ്ടുണ്ടാക്കി നടപ്പിലിരിക്കെ നമ്മൾ ആവശ്യപ്പെട്ട ഈ സഭ പാസ്സാക്കിയ ഭൂരിപക്ഷത്തിന്റെ രക്ഷയ്ക്കാവശ്യമായ ഒരു നിയമം—വെവ്വാട്ടുകുടിയാൻ ബിൽ—ഗവമ്മെണ്ടു നടപ്പിലാക്കാത്തതു ക്ഷന്തവ്യമല്ലാത്ത ഒരു അപരാധമാണു്. ഇന്നു കൊച്ചിയിലെ കോർട്ടുകളിൽ കേസുകൾ ഇല്ലെന്നു പറയുന്നുണ്ടു്. വല്ല കേസ്സുമുണ്ടെങ്കിൽ അവയിൽ മിക്കതും ജന്മിയും കുടിയാനുമായി ഭൂമി ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ളവ ആണു്. കുടിയാന്മാരെ ഭൂമികളിൽനിന്നു ഒഴിപ്പിക്കുന്നതിനാണു് ഇന്നത്തെ ജന്മികളുടെ ബദ്ധപ്പാടു്.

ഈ കാര്യത്തിൽ ഗവമ്മെണ്ടു് എന്തെങ്കിലും ഒന്നു ചെയ്യണമെന്നാണു് എനിക്കു് ഈ അവസരത്തിൽ പ്രധാനമായി ഗവമ്മെണ്ടിനോടപേക്ഷിക്കാനുള്ളതു്.

*മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: സർ, ബഹുമാനപ്പെട്ട പഴയന്നൂർ മെമ്പർ അവതരിപ്പിച്ചിരിക്കുന്ന ഈ ഉപക്ഷേപത്തോടു ഞാൻ അനുകൂലിക്കുന്നു. നാം ഈ നിയമസഭാസമ്മേളനത്തിൽ സംബന്ധിക്കുന്നതു് ഒരു വലിയ വിപത്തിന്റെ കരിനിഴലിലാണെന്ന സംഗതി ട്രഷറി ബഞ്ചിലിരിക്കുന്ന ഉദ്യോഗസ്ഥമെമ്പറന്മാരും ഈ അനുദ്യോഗസ്ഥപക്ഷത്തിലിരിക്കുന്ന ബഡ്ഡറിനെ വിമർശിച്ചു പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർമാരും മനസ്സിലാക്കീട്ടുള്ളതാണല്ലൊ. കൊടുങ്കാറ്റും അതിനെത്തുടർന്ന വെള്ളപ്പൊക്കവും കഴിഞ്ഞതിനുശേഷം ദുരിതനിവാരണത്തിനായി ഗവമ്മെണ്ടു സ്വതസ്സിദ്ധമായ ചില നടപടികൾ എടുത്തിട്ടുണ്ടെന്നുള്ളതു് ഈ രാജ്യത്തിലെ എല്ലാ പൌരന്മാരും കൃതജ്ഞതയോടുകൂടി സ്മരിക്കേണ്ടതാണെന്നു പറയുന്നതോടുകൂടി ആ പ്രവർത്തനങ്ങൾ ഏറ്റവും പരിമിതമായ ഒന്നാണെന്നുകൂടി ചൂണ്ടിക്കാണിക്കാതിരിക്കാൻ നിവൃത്തിയില്ല. പ്രകൃതിയുടെ കോപംകൊണ്ടു നമ്മളുടെ രാജ്യത്തിനു സംഭവിച്ചിട്ടുള്ള നഷ്ടം എന്തെന്നു് അതിനെ സംബന്ധിച്ചു തയ്യാറാക്കീട്ടുള്ള യഥാർത്ഥ സ്ഥിതിവിവരക്കണക്കുകൾ വിശ്വസിക്കു

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

വാൻ സാധിക്കുന്നപക്ഷം നമ്മൾക്കു മനസ്സിലാക്കാൻ കഴിയുന്നതാണു്. ഇവിടെ കൃഷി ഒരു പ്രധാന തൊഴിലാണു്. കൃഷിയാണു് നമ്മളുടെ രാജ്യത്തിലെ ഏറ്റവും പ്രധാനമായതും ഒരു വലിയ ജനവിഭാഗത്തിന്റെ ജീവിതമാർഗ്ഗത്തിനു് അവലംബമെന്നും ഗവമ്മെണ്ടു് മനസ്സിലാക്കണം. ഈ സമയത്തിൽ ബംഗാളിൽ നടക്കുന്ന നിയമസഭാസമ്മേളനത്തിൽ അവിടത്തെ ദുരിതനിവാരണശ്രമങ്ങളെക്കുറിച്ചു് ഒരു ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യത്തിനു മറുപടി നൽകിയിരിക്കുന്നതു പത്രത്തിൽനിന്നു് ഈ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഇവിടെ വായിക്കാം. "കൊടുങ്കാറ്റും വെള്ളപ്പൊക്കവും മൂലം കഷ്ടപ്പെട്ടുന്ന ബങ്കാളിലെ ഭൂമിയുടമയില്ലാത്ത വേലക്കാരുടെ അവശതയെക്കുറിച്ചുള്ള ഒരു ചോദ്യത്തിനുത്തരമായി ഇക്കൊല്ലം ജൂലായി മുതൽ-മാർച്ച്- വരെ ബങ്കാൾ ഗവമ്മെണ്ടു് കാർഷികവായ്പകൾക്കായി ൈ൯,൪൫,൦൦൦കയും കൃഷിനിലങ്ങൾ നന്നാക്കാനുള്ള വായ്പകൾക്കായി ൯൭,൦൦൦കയും പരീക്ഷാത്മകമുള്ള ദുരിതനിവാരണശ്രമങ്ങൾക്കായി ൯,൫൪,൦൦൦കയും ദുരിതനിവാരണാത്മകമുള്ള സൌജന്യസംഭാവനകൾക്കായി ൩,൭൦,൦൦൦കയും കൊടുത്തിട്ടുണ്ടെന്നു റവന്യൂ മന്ത്രി ഇന്നു ബങ്കാൾ അസംബ്ലിയിൽ പ്രസ്താവിച്ചു" ഇതേതാണ്ടു് ഒരു കോടി രൂപയോളംവരും. ഇവിടെ കൊടുങ്കാറ്റും മലവെള്ളവും ഉണ്ടായതിനുശേഷമാണു ബംഗാളിൽ കൊടുങ്കാറ്റും വെള്ളപ്പൊക്കവുമുണ്ടായിട്ടുള്ളതു്. അതിനുശേഷം ഈ അടുത്തകാലംകൊണ്ടു് ഇത്ര വലിയൊരു സംരംഭം അവിടെ ചെയ്തുകഴിഞ്ഞു. നല്ല കൃഷിനിലങ്ങൾക്കു സംഭവിച്ചിട്ടുള്ള നാശത്തിൽനിന്നും അവയെ പരിഹരിക്കപ്പെടുന്നതിനായി ഗവമ്മെണ്ടു് സഹായം ചെയ്യാനുദ്ദേശിക്കുന്നവിധത്തിൽനിന്നു വിഭിന്നങ്ങളായ ചില പരിഷ്കാരങ്ങൾ ആവശ്യപ്പെടുന്നതു ത്യാവശ്യമാണു്.

കൃഷിയെ സംബന്ധിച്ചു മാത്രമല്ല എനിക്കിവിടെ പ്രസ്താവിക്കാനുള്ളതു്. വാസ്തവത്തിൽ ഒരു വിഭാഗക്കാക്കോ, ഒരു തൊഴിൽക്കാക്കോ മാത്രമാണു് ദുരിതമുള്ളതെന്നു പറയുവാൻ സാദ്ധ്യമല്ല. വ്യാപാരത്തിലും അതുപോലെ ജീവിതത്തിന്റെ മറ്റെല്ലാ തുറകളിലും ബന്ധപ്പെട്ടിട്ടുള്ള ജനങ്ങൾക്കു ഈ പ്രകൃതിക്ഷോഭം വളരെ അധഃപതനം വരുത്തീട്ടുള്ളതായി ഇവിടത്തെ സാമ്പത്തികാന്വേഷണറിപ്പോർട്ടിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നതാണു്. ഗവമ്മെണ്ടിൽനിന്നു വലിയ കൺട്രാക്റ്റുകൾ എടുത്തിട്ടുള്ള ആളുകളുടെ കാര്യത്തിലും ഞാൻ ഈ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. പ്രത്യേകിച്ചു് എക്സൈസ്സു് വകുപ്പിൽ വലിയ തുകകൾക്കായി ഷാപ്പുകളും അതുപോലുള്ള മറ്റു സ്ഥാപനങ്ങളും നടത്താൻ ഏറ്റിട്ടുള്ളവർക്കു കൊടുങ്കാറ്റുകൊണ്ടുണ്ടായിട്ടുള്ള വിഷമങ്ങൾ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ ഇതിനകം പെട്ടിട്ടുള്ളതാണു്. ഗവമ്മെണ്ടിൽനിന്നു കള്ളുഷാപ്പുകൾ വലിയ തുകകൾക്കു ലേലംചെയ്തുകൊടുത്തിട്ടുണ്ടു്. ആ ആളുകൾ തങ്ങൾക്കിപ്പോൾ താലൂക്കിൽ ഡ്യൂസ് അടയ്ക്കാനുള്ള കഷ്ടതകളെ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഈ കാര്യത്തിലേയ്ക്കും ഗവമ്മെണ്ടിന്റെ ശ്രദ്ധയെ ക്ഷണിക്കുന്നു.

വേറൊരു സംഗതിയിലേയ്ക്കു—ഞാൻ പ്രതിനിധീകരിക്കുന്ന താലൂക്കിലെ ചില കാര്യങ്ങളിലേയ്ക്കു്—ഗവമ്മെണ്ടിന്റെ, പ്രത്യേകിച്ചു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയെ ക്ഷണിക്കേണ്ടതത്യാവശ്യമാണു്. ഈ കൊല്ലത്തെ ബഡ്ജറ്റിൽ ൨,൦൦൦ രൂപ ചക്കരയിൽനിന്നു പഞ്ചസാരയുണ്ടാക്കുന്ന വ്യവസായത്തെക്കുറിച്ചു ഗവേഷണം നടത്താൻ നീക്കിവെച്ചിട്ടുണ്ടു്. ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പർ പ്രസ്താവിച്ചുപോലെ, പഞ്ചസാരവ്യവസായത്തിനു ഇന്നത്തെ ഇൻഡ്യൻ വിപണിയിൽനിന്നുള്ള പ്രത്യാഘാതങ്ങളെ സംബന്ധിച്ചു ബഹുമാനപ്പെട്ട മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു പഞ്ചസാരവ്യവസായത്തിനുള്ള ഗവേഷണത്തിനു നീക്കിവെച്ചിട്ടുള്ള സംഖ്യകൊണ്ടു ചക്കരവ്യവസായത്തെ പരിപോഷിപ്പിക്കേണ്ടതാണെന്നു പറഞ്ഞുകൊള്ളുന്നു. തലപ്പിള്ളി താലൂക്കിൽ വളരെ കൊല്ലങ്ങൾക്കുമുമ്പു മുതലേ ചക്കരവ്യവസായം നടത്തിവരുന്നുണ്ടു്. അതുകൊണ്ടു ഗ്രാമോദ്ധാരണവകുപ്പിൽ പ്രത്യേകമായ ചില വ്യവസായങ്ങൾക്കായി നീക്കിവെച്ചിട്ടുള്ളതിൽ ചക്കരവ്യവസായത്തിനായിട്ടുള്ള തുക തലപ്പിള്ളി താലൂക്കിൽ എവിടെയെങ്കിലും ചിലവാക്കി ഇന്നു നഷ്ടപ്പെടാൻപോകുന്ന ചക്കരവ്യവസായത്തെ പരിപോഷിപ്പിക്കണം. ചക്കരയ്ക്കു ബ്രിട്ടീഷിൻഡ്യയിലെ പല പ്രവിശ്യകളിലേയ്ക്കും ഇവിടെനിന്നു കയറ്റുമതിയുണ്ടെന്നു ഈ നിയമസഭയിൽതന്നെ ചോദിച്ച ഒരു ചോദ്യത്തിനുത്തരമായി ഗവൺമെണ്ടിൽനിന്നു പറഞ്ഞിട്ടുണ്ടു്. ഇത്ര വലിയൊരു വ്യവസായത്തെ പരിപോഷിപ്പിക്കേണ്ട ചുമതല ഗവൺമെണ്ടിനുണ്ടു്.

ബഹുമാനപ്പെട്ട കാട്ടർ മെമ്പറവർകൾ വെറുംപാട്ടുകുടിയാന്മാരുടെ കാര്യത്തിലേയ്ക്കു ഗവൺമെണ്ടിന്റെ ശ്രദ്ധയെ ക്ഷണിക്കയുണ്ടായി. വാസ്തവത്തിൽ ഈ രാജ്യത്തിലെ വലിയൊരു ജനവിഭാഗം ദരിദ്രരാണു്. അല്പം ന്യൂനപക്ഷംമാത്രം ഈ രാജ്യത്തിലെ വിഭവങ്ങൾ കൈവശപ്പെടുത്തി—ഇവിടെയുള്ള നിയമങ്ങളും ഇവിടെയുള്ള സ്ഥാപനങ്ങളും എല്ലാം അവരുടെ സ്വന്തമാണെന്ന നിലയിൽ അവരുടെ സുഖസൌകര്യങ്ങൾക്കായി കയ്യടക്കി—ജീവിച്ചുവരവെ, ഈ രാജ്യത്തിലെ കർഷകർ, ഭൂരിപക്ഷംവരുന്ന വേലക്കാർ പ്രയത്നംചെയ്തു രത്നഗർഭയാക്കിയ ഈ രാജ്യത്തിൽ അവർക്കു യാതൊരു ജീവിതാവകാശവുമില്ലാതെ കഷ്ടപ്പെടുന്നുവെന്ന സംഗതി ഗവൺമെണ്ടു മനസ്സിലാക്കണം. ആ സാധുക്കൾക്കു് എത്രയെല്ലാം കൊടുത്താലും ദുരിതനിവാരണശ്രമക്കാർ പത്തു രൂപയിൽ കുറയാത്ത ഒരു സംഖ്യ കൊടുത്താലും പ്രയോജനമില്ലെന്നു ഗവൺമെണ്ടറിയണം. ഇന്നുണ്ടായിട്ടുള്ള ഈ ദുരിതങ്ങൾക്കു ഒരു ശാശ്വതനിവാരണമുണ്ടാക്കുന്നതിനുള്ള പ്ലാനോടുകൂടി ഇവിടത്തെ ഭൂമിസംബന്ധമായ അസമത്വങ്ങൾ ഇല്ലാതെയാക്കാനും വേലചെയ്യുന്നവനു് അതിനുള്ള പ്രതിഫലം കിട്ടാനും ആവശ്യമായ നടവടികളാണു ഗവൺമെണ്ടു കൈക്കൊള്ളേണ്ടതു്.

അതിനാൽ താല്ക്കാലികമായ പരിരക്ഷകൾ ചെയ്യുന്നതോടൊപ്പം അവരുടെ സാമ്പത്തികനിലയെ അറിയുന്നതിനുള്ള ദീർഘനയനമുണ്ടാകണമെന്നു് ഈ സഭയിലെ ദക്ഷിണഭാഗത്തിലിരിക്കുന്ന ഭാവനാസമ്പന്നന്മാരായ അംഗങ്ങളോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

Mr. A. V. Moothedan *(Chalakkudi):* Sir, I fully support this motion moved by Mr. T. K. Nayar. I wish to add a few words only. Now a few benefits have been conferred by His Highness the Maharaja for the purpose of relieving the aggrieved. That does not mean that we need not ask for more. Speaking about my own constituency I may say that this Rs. 10 distribution has given some benefit to the poor people. But there are a large majority of the middle class people who are very hard hit by the cyclone and the floods. The people of Melur, Chalakkudi, etc., are mainly dependent on tapioca, banana, arecanut, etc. We have lost all those plantations as a result of the cyclone and floods. For these people the Rs. 10 distribution will not be of any use. The loans of Rs. 100 may be something. In certain cases even Rs. 100 may be of no use. In

LIBRARY ARCHIVES Kerala Legislative Assembly

such cases it may have to be increased to Rs. 500. Of course that may be left to the discretion of the Diwan Peishkar.

Another suggestion that I wish to make is that there should be a liberal reduction of land revenue. In my village we are having floods every week. Just as French Cabinet resigns every Friday, we are having floods once every week. I, therefore, request that Government must consider these aspects also in order to give some relief to those lands also.

മിസ്റ്റർ കെ. എം. ഇബ്രാഹിം : സർ, കൊടുങ്കാറ്റുകൊണ്ടുണ്ടായ ദുരിതങ്ങളുടെ നിവാരണത്തിനായി ഗവൺമെണ്ടെടുത്തിട്ടുള്ള നടപടികളെ ഈ നിയമസഭ ഇതിനുമുമ്പുതന്നെ പല വഴികളിലും ശ്ലാഘിച്ചുകഴിഞ്ഞു. ആ ശ്ലാഘ്യതയെ ഇനി ഒന്നുകൂടി ആവർത്തിക്കേണ്ട ആവശ്യമില്ല.

വെറുംപാട്ടക്കുടിയാന്മാരെ സംബന്ധിച്ചും തൊഴിലില്ലാതെ ദാരിദ്ര്യമനുഭവിക്കുന്ന മറ്റുള്ള ഭൂരിപക്ഷക്കാരുടെ രക്ഷയെ സംബന്ധിച്ചും ചെയ്യേണ്ട സംഗതികളെക്കുറിച്ചു് ഇവിടെ പല നിർദ്ദേശങ്ങളും ചെയ്യുകഴിഞ്ഞു. ആസന്നമായ വേറെ ഒരു സംഗതിയിലേക്കു മാത്രമാണു ഞാൻ ഈ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയെ ഈ അവസരത്തിൽ ക്ഷണിക്കുന്നതു്. മഹാരാജാവു തിരുമനസ്സുകൊണ്ടു് ഒരു കുംഭകസംരക്ഷണ വിളംബരം മൂലം വരുന്ന കന്നിമാസാവസാനം വരെ കർഷകരുടെ മേലുള്ള വിധിനടത്തിപ്പും നികുതിപിരിവുസംബന്ധമായ കർശനനടപടികളും നിറുത്തിവെക്കുകയാണു ചെയ്തിട്ടുള്ളതെന്നു് ഓർക്കുന്നുണ്ടായിരിക്കുമല്ലൊ. കന്നിമാസാവസാനത്തോടുകൂടി ഈ കർഷകപ്രശ്നം എങ്ങിനെ ആകുമെന്നു നമ്മൾ ഇപ്പോഴേ ആലോചിക്കേണ്ടിയിരിക്കുന്നു. കന്നിമാസത്തോടുകൂടി അവസാനിക്കുന്ന വിളംബരപ്രഖ്യാപനത്തെ തുടർന്നുകൊണ്ടു് കർഷകപ്രശ്നത്തിനു നിശ്ചിതമായ പരിഹാരം നൽകുന്നില്ലെങ്കിൽ ഈ വിളംബരം ഗുണത്തേക്കാൾ അധികം ദോഷം വരുത്തുമെന്നു തീച്ചയാണു്. അതുകൊണ്ടു് കന്നിക്കുമുമ്പു ഗവൺമെണ്ടു് ഈ വിഷയത്തിൽ നിശ്ചിതമായ ഒരു പരിപാടി നടപ്പാക്കണം. നമ്മുടെ അയൽരാജ്യമായ തിരുവിതാംകൂറിൽ അധമർണ്ണന്മാർക്കു പല കൊല്ലങ്ങൾകൊണ്ടു തവണകളിലായി തങ്ങളുടെ കടങ്ങൾ വീട്ടുന്ന നിയമം നടപ്പാക്കീട്ടു നാൾ നിരവധിയായി. കൊടുങ്കാറ്റിനുശേഷം നമ്മുടെ നാട്ടിൽ നിലകൊള്ളുന്ന ഭയങ്കരസ്ഥിതിയെ പരിഗണിക്കുമ്പോൾ ഇരുപതു തവണകളുള്ള ഇരുപതു കൊല്ലങ്ങൾ അധമർണ്ണർക്കു അനുവദിക്കുന്നതു മിതങ്ങളിൽ മിതമായ ഒരാവശ്യം മാത്രമാണെന്നു നിഷ്പക്ഷവാദികൾക്കു സമ്മതിക്കാതെ തരമില്ല. അങ്ങിനെ ഒരു പദ്ധതിയുണ്ടാക്കുന്നതിനുള്ള കാലതാമസം വരികയാണെങ്കിൽ ഇപ്പോഴത്തെ വിളംബരം കുറെക്കാലത്തേക്കുകൂടി നീട്ടിക്കൊണ്ടുപോകാനുള്ള സന്മനസ്സു ഗവൺമെണ്ടിനുണ്ടാകണം. ഫല കൊല്ലംകൊണ്ടു കൊല്ലത്താൽ ഒരു തവണ വീതം കടം കൊടുത്തുതീർക്കാനുള്ള ഒരു നിയമം നമ്മുടെ അയൽരാജ്യത്തിൽ കൊടുങ്കാറ്റുകൊണ്ടുള്ള അപകടങ്ങൾ നേരിടുന്നതിനു മുമ്പിലുണ്ടായിട്ടുണ്ടെങ്കിൽ, ഈ കൊടുങ്കാറ്റും മലവെള്ളവുമൊക്കെ ഉണ്ടായതിനു ശേഷം അങ്ങിനെ ഒരു നിയമം ഇവിടെ ആവശ്യമാണെന്നു പറയുന്നതിനുകൂടുതൽ പ്രയാസമുണ്ടായിരുന്നില്ല എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. രണ്ടു കൊല്ലക്കാലമെങ്കിലും നിലനികുതിയിൽ ൫൦ ശതമാനം ഇളവുചെയ്യുക; കർഷകരുടെ കടത്തിന്റെ പലിശ മുഴുവൻ വിട്ടുകൊടുക്കുക; കുറികൾ നിറുത്തിവെക്കുക; ആദിയായ ചില്ലറ സംരക്ഷണകളെങ്കിലും ഇപ്പോൾ ലഭ്യമാകാഞ്ഞാൽ ഇപ്പോൾ ഈ നാട്ടിൽ നിലകൊള്ളുന്ന സമാധാനസ്ഥിതിയുടെ ഭാവിയെക്കുറിച്ചു പല ശങ്കകളും എന്റെ

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിൽ തള്ളിക്കയറുന്നു. മുമ്പു യഥാകാലം വേണ്ട സംരക്ഷണകർമം ചെയ്യാഞ്ഞതു മൂലം എത്രയോ കർഷകകുടുംബങ്ങൾ മുടിഞ്ഞുകഴിഞ്ഞു; എത്രയോ തറവാട്ടുകാർ കണ്ണുനീരോടെ തങ്ങളുടെ സ്വത്തുക്കളും ഉപേക്ഷിച്ചു പിച്ചച്ചട്ടിയുമെടുക്കേണ്ടിവന്നു; സ്വന്തമെന്നു തൊഴിലില്ലായ്മയും ദാരിദ്ര്യവും നിറഞ്ഞിരിക്കുന്ന ഈ നാട്ടിൽ ഇനിയും ദരിദ്രന്മാരെ സൃഷ്ടിക്കണമെന്നില്ലെങ്കിൽ ഗവൺമെണ്ടു ഈ കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കണം.

സർ, ഈ കൊടുങ്കാറ്റും മഴവെള്ളവുംകൊണ്ടുണ്ടായിട്ടുള്ള നാശങ്ങൾ എന്തെന്നു നമ്മുടെ തെക്കൻതാലൂക്കുകളിലെ ജനങ്ങൾക്കു ശരിയായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. അതറിയണമെങ്കിൽ വടക്കൻതാലൂക്കുകളിലേയ്ക്കു ചെല്ലണം. നെല്ലുമുതലായ വിളവുകൾ വിളഞ്ഞുനിന്നിരുന്നതു മുഴുവൻ നശിച്ചുപോയി. തെങ്ങുകളും കവുങ്ങുകളും മാവുകളും മറ്റു ഫലവൃക്ഷങ്ങളും ആയിരക്കണക്കിനു നശിച്ചു. തെങ്ങിൽനിന്നാണെങ്കിൽ ഇനി മൂന്നുനാലു കൊല്ലത്തേക്കു യാതൊരാദായവും ഉണ്ടാകാത്ത നിലയിലായിട്ടുണ്ടെന്നു് എനിക്കു നേരിട്ടറിയാം. ഇങ്ങിനെ കൊടുങ്കാറ്റിന്റെ പിന്നിലുള്ള സ്ഥിതി നോക്കിയാൽ പണ്ടത്തെ അപ്പർമിഡിൽ ക്ലാസ്സുകാരായിരുന്ന വലിയൊരു ജനവിഭാഗം ഇന്നു വെറും മുഴുപ്പട്ടിണിയിലായിത്തീർന്നിട്ടുണ്ടെന്നു ഗവൺമെണ്ടിനറിയാൻ കഴിയും. ഇങ്ങിനെ അസാധാരണമായ ഒരു മഹാവിപത്തു വന്നിരിക്കുന്ന നമ്മുടെ രാജ്യത്തിൽ അതിനെ തടുക്കുന്നതിനു് ഇപ്പോഴെങ്കിലും എന്തെങ്കിലും കാര്യമായി ചെയ്തില്ലെങ്കിൽ ഗവൺമെണ്ടിനും പ്രജകൾക്കും അതു വലിയ പശ്ചാത്താപത്തിനു് ഇടവരുത്തുമെന്നു ഞാൻ ഭയപ്പെടുന്നു. കൊടുങ്കാറ്റില്ലാതെതന്നെ നമ്മുടെ അയൽരാജ്യത്തിൽ ചെയ്തിരിക്കുന്ന സംഗതികൾ—കടം വീട്ടുന്നതിനു ദീർഘകാലം, മുതലും പലിശയും വെട്ടിക്കുറക്കുക തുടങ്ങിയവ—ഈ അവസരത്തിലെങ്കിലും നമ്മുടെ രാജ്യത്തിൽ നടപ്പിൽ വരുത്തണമെന്നു ഗവൺമെണ്ടിനോടു് ഈ നിയമസഭയിലെ അനുദ്യോഗസ്ഥപക്ഷം ഒന്നാകെ അപേക്ഷിച്ചുകൊള്ളുന്നു. ശോഭനമായ ഒരു ഭാവിയെ ദർശിക്കുന്ന ഒരു ശുഭപ്രതീക്ഷകന്റെ വികാരത്തോടെ ഞാൻ അവസാനിപ്പിക്കുന്നു.

മിസ്റ്റർ ബി. എം. പീറർ : മിസ്റ്റർ പ്രസിഡണ്ടു്, സർ, ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ദുരിതനിവാരണാർത്ഥമുള്ള പ്രവർത്തനങ്ങൾക്കു ഞാൻ നന്ദി പറയുന്നു. എന്നാൽ ഇങ്ങിനെയുള്ള സഹായങ്ങൾ താല്ക്കാലികമായിട്ടുള്ള ഒന്നല്ലാതെ സാക്ഷാൽ, കൊടുങ്കാറ്റുകൊണ്ടു വൃക്ഷങ്ങൾ നശിച്ചിട്ടുള്ളവർക്കു ഇതിൽ യാതൊരു തരത്തിലുമുള്ള സഹായങ്ങൾ ലഭിച്ചിട്ടില്ലെന്നു് ഈ അവസരത്തിൽ ഞാൻ ഗവൺമെണ്ടിനെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഇവിടെയുള്ള കൃഷിക്കാരിൽ വലിയൊരു ഭാഗം നില്ക്കുന്നതു വെറുമ്പാട്ടക്കുടിയാൻ എന്നുള്ള പേരിലാണു്. ഗവൺമെണ്ടിൽനിന്നു് ഇതിനുമുമ്പു ചെയ്തിരിക്കുന്ന കരം ഇളവുകൾ മിക്കവാറും ജന്മികൾക്കാണു കിട്ടിയിട്ടുള്ളതു്. എന്നാൽ ഇങ്ങിനെയുള്ള ഇളവുകൾക്കു സാക്ഷാൽ അർഹരായിവരേണ്ടതു പറമ്പുകളിൽ വേലചെയ്യുന്ന വസ്തുവിന്റെ ഉടയമെടുക്കുന്ന കുടിയാനാണു്. നേരെമറിച്ചു് അതിന്റെ അനുഭവം യാതൊരുതരത്തിലും പറമ്പുമായി ബന്ധപ്പെട്ടിട്ടില്ലാത്ത ജന്മി തട്ടിക്കൊണ്ടുപോകുന്നു എന്നു വരുന്നതു് ഏറ്റവും ഭയങ്കരമാണു്. അതുകൊണ്ടു ഗവൺമെണ്ടു് ഇങ്ങിനെയുള്ള ഇളവുകൾ എന്തെങ്കിലും കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അതിന്നർഹന്മാരായ കുടിയാന്മാർക്കും കിട്ടണമെന്നാണു ഞാൻ ഈ സഭയെ ധരിപ്പിക്കുന്നതു്. ബഹുമാനപ്പെട്ട പഴയന്നൂർ മെമ്പർ അവർകൾ പറഞ്ഞതുപോലെ ഏതെങ്കിലും രണ്ടുമൂന്നുപേരെ ഒരു കമ്മിറിയായി നിയമിച്ചു് ഈ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കുന്നതു ഉത്തമമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. അല്ലാതെ ഗവൺമെണ്ടു നികുതിയിളവു ചെയ്തുകൊടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആ ഇളവു കിട്ടേണ്ടവക്കു അതു കിട്ടുകയില്ല. ഫ ഫ ഠ ൻ, ഫ ഫ ഫ ഠ, ഫ ഫ ഫ ഫ എന്നീ കൊല്ലങ്ങളിൽ സാമ്പത്തികാധഃപതനംമൂലം ഗവമ്മെണ്ടു കർഷകക്കു നികുതിഇളവു ചെയ്തുകൊടുത്തു. പക്ഷെ ആ ഇളവു തട്ടിക്കൊണ്ടുപോയതു ജന്മികളാണു്. ജന്മികൾ അവരുടെ കീഴിലുള്ള കുടിയാന്മാക്കു് ആ ഇളവു കൊടുത്തില്ല. ഇനി ഗവമ്മെണ്ടു് അനുവദിക്കുന്ന ഇളവു കുടിയാന്മാക്കുംകൂടി കിട്ടത്തക്കവണ്ണമുള്ളതായിരിക്കണം. ഇതിനു് ഒരു കമ്മിറ്റി വെക്കുന്നതു നന്നായിരിക്കും. എന്താണു രാജ്യത്തു നഷ്ടം സംഭവിച്ചിട്ടുള്ളതു് എന്നു ശരിയായി ഗ്രഹിച്ചു് ആ നഷ്ടത്തെ പരിഹരിക്കുന്നതിനു വേണ്ടത്തക്ക തരത്തിലുള്ള പരിതസ്ഥിതികളും ഉണ്ടാക്കണമെന്നുള്ളതാണു ഞാൻ ഏറ്റവും വിനീതനായി അപേക്ഷിക്കുന്നതു്. അതുകൊണ്ടു സഭയുടെ ദൃഷ്ടി പ്രസ്തുത കാര്യങ്ങളിലേക്കു ക്ഷണിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ സി. വി. ഐപ്പു: സർ, കൊടുങ്കാറ്റുകൊണ്ടു വളരെ അധികം നഷ്ടം വന്നിട്ടുള്ളതു പറമ്പു പ്രദേശത്താണു്. നിലങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ പുഴകൾക്കു സമീപമുള്ള നിലങ്ങൾക്കു സാരമായ നഷ്ടം വന്നിട്ടുണ്ടു് എന്നുള്ളതു ശരിയാണു്. മണ്ണു കയറി നശിച്ച നിലങ്ങളിൽ ചിലതു പറമ്പായിത്തീരത്തക്കവണ്ണം നശിച്ചിട്ടുള്ളവയൊഴിച്ചു നിലങ്ങളുടെ കാര്യം പറമ്പുകളോളം മോശമായിട്ടില്ല.

മിസ്റ്റർ ടി. കെ. നായർ: കൃഷിയുടെ യാതൊരു ഗന്ധവുമില്ല. അതാണു് ഇങ്ങിനെ പറയുന്നതു്.

മിസ്റ്റർ സി. വി. ഐപ്പു: വൃക്ഷങ്ങൾ നശിച്ചുപോയിട്ടു് അപരിഹാര്യമായി പറമ്പുകൾക്കു നഷ്ടം വന്നിട്ടുണ്ടു്. അതുയും നഷ്ടം നിലങ്ങളെ ഒന്നിച്ചെടുത്താൽ വന്നിട്ടില്ല. ബഹുമാനപ്പെട്ട തിരുവിലാമല മെമ്പർ താലൂക്കിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ കണ്ടിട്ടില്ലായിരിക്കും. പറമ്പിനെ സംബന്ധിച്ചിടത്തോളം രക്ഷ ചെയ്യണമെങ്കിൽ കഷ്കാശ്വാസ നിയമം ഭേദഗതിചെയ്യാതെ നിവൃത്തിയില്ല. എന്തെങ്കിലും വിധത്തിൽ കടം കുറെക്കൂടി വെട്ടിച്ചുരുക്കുന്നതിനുതന്നെയുള്ള ഭേദഗതി കഷ്കാശ്വാസ നിയമത്തിൽ ഗവമ്മെണ്ടു് ഉണ്ടാക്കണം. അതുക്കു നാശം പറമ്പുകൾക്കു വന്നിട്ടുണ്ടു്. പുളി, മാവു്, പ്ലാവു് ഇത്തരം മരങ്ങൾ ഇനി വെച്ചുണ്ടായി കിട്ടുന്നതിനു പത്തു പന്ത്രണ്ടു കൊല്ലം കഴിയും. അടയ്ക്കു കഴിഞ്ഞയാണ്ടിൽ കിട്ടിയിടത്തോളം കിട്ടണമെങ്കിൽ ഒരു പതിനഞ്ചു കൊല്ലം കഴിയണം. നിലത്തിൽനിന്നുള്ള അനുഭവം കൊല്ലന്തോറും ഉണ്ടാകുന്നതായതുകൊണ്ടു നിലത്തിൽ മണ്ണു കയറി നഷ്ടപ്പെട്ടതാത്തപക്ഷം മുണ്ടകൻ കൃഷിയെ സംബന്ധിച്ചോ വിരിപ്പു കൃഷിയെ സംബന്ധിച്ചോ താല്ക്കാലികമായ ഇളവുചെയ്തുകൊടുത്താൽ മതിയാകും. ഈ വിഷയം ഏതു തരത്തിലും ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ വരേണ്ടതാണു്. സെറ്റിൽമെണ്ടു കാലത്തുള്ള വൃക്ഷങ്ങളേക്കാൾ കൂടുതൽ വൃക്ഷങ്ങൾ ജനങ്ങൾ ഇപ്പോൾ അവരുടെ പറമ്പുകളിൽ വെച്ചുപിടിപ്പിച്ചിട്ടുണ്ടു് എന്നുള്ളതു ശരിയായിരിക്കാം. സെറ്റിൽമെണ്ടു നിയമപ്രകാരമുള്ള വൃക്ഷങ്ങളുടെ എണ്ണത്തിന്റെ വീതം വെച്ചു നികുതി ഇളവുചെയ്യാതിരിക്കുന്നതു കഷ്ടമാണു്. നശിച്ച വൃക്ഷങ്ങളുടെ കണക്കെടുക്കുമ്പോൾ സെറ്റിൽമെണ്ടിൽ വൃക്ഷനികുതി ചുമത്തീട്ടുള്ള വൃക്ഷങ്ങളുടെ എണ്ണം ബാക്കി കണ്ടു എന്ന കാരണത്തിന്മേൽ നികുതി ഇളവുചെയ്യുകയില്ലെന്നു നിർണ്ണയിപ്പാൻ മതിയാകയില്ല. നഷ്ടം വന്നതായ വൃക്ഷങ്ങളുടെ കണക്കും കൂടി എടുത്തു കണക്കാക്കി നികുതി ഇളവുചെയ്യേണമെന്നാണു് എനിക്കു ഗവമ്മെണ്ടിനോടു പറയുവാനുള്ളതു്. വൃക്ഷങ്ങൾ നഷ്ടപ്പെട്ടവരുടെ കാര്യത്തിൽ ഗവമ്മെണ്ടു കുറെക്കൂടി ദയാപൂർവ്വം ആലോചിച്ചു് അവ

ക്കും നികുതി ഇളവുചെയ്യുകൊടുക്കണമെന്നും മിസ്റ്റർ ഇബ്രാഹിം പറഞ്ഞിട്ടുള്ള എല്ലാ സഹായങ്ങളും കൃഷിക്കാർക്ക് ചെയ്യുകൊടുക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

*Mr. A. L. Antony *(Irinjalakkuda):* Mr. President, Sir, as I referred in my previous speech about the relief to be given to the tenants who are liable to be evicted immediately by the jenmies on account of the fact that most of the trees have been destroyed by the havoc of the recent cyclone, I take this opportunity once again to stress that this should receive the sympathetic consideration of the Government. The jenmies are trying to evict the tenants immediately so that they need not pay any amount by way of compensation for the improvements, since all the improvements have been destroyed by the cyclone. There are cases where jenmies have already issued notices for eviction. This is not a very silly matter to be brushed aside. This is a very emergent measure which should engage the serious attention of the Government. I therefore request that some immediate relief, by issuing a Proclamation, should be afforded to these tenants.

Another aspect of the question that I wish to deal with is this. I heard this morning the Hon'ble Member for Revenue stressing on the fact that in the settlement the assessment on *parambas* has been fixed on the calculation of 60 trees per acre. I say that argument will apply only in the case of a permanent settlement. Here we are seeking only temporary relief. We are not seeking for a permanent remission. If there are only less than 60 trees then there is reason for a permanent remission—that was the line of his argument. On account of the cyclone all the standing trees have fallen, several houses have fallen, many jack trees, many mango trees, many plantain trees and even cocoanut and arecanut trees have fallen. Many yielding lands have now turned barren. In the case of cocoanut trees even the Diwan Peishkar admitted that we can't expect any yield from them for a few months to come. I say at least for a period of 10 months we won't get anything. It is a sad spectacle to see several cocoanut trees have been up-rooted and damaged. I can say with certainty that not a single cocoanut tree has been left without one side at least being damaged. On majority of the trees there are no cocoanuts. Even the tender cocoanuts that we find on certain trees will be ripe only after the lapse of 10 months. Therefore, practically nothing can be realised even from those trees which are now withstanding the ravages of the cyclone for at least the next 10 months. That is the position. What is the use of taking into calculation the number of trees in giving some relief? The Diwan Peishkar was saying that even during the settlement, if there are

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

more than 60 trees in an acre of *paramba* only 60 trees are calculated for the purpose of settlement. Now can you say that all the trees are fully bearing? So the calculation of the number of trees in the *parambas* does not arise in the matter of temporary relief. We want only to give relief where there is a permanent disaster.

I once again request the Government to take immediate steps to give relief to the tenants who stand in the danger of immediate eviction and also to give necessary remission in the affected areas. These are the only things which I wish to bring to the notice of this House for consideration.

Mr. A. Madhava Prabhu *(Diwan Peishkar):* Sir, everyone of the suggestions which have been put forward by every Member of this House and all the topics connected with the additional relief that ought to be given will receive the most sympathetic consideration of the Government. So far as this proposition put forward by the hon'ble mover is concerned, the difficulty that I experienced is, as I explained in the beginning, as to the method by which the agriculturists could be helped. He suggested a method by which, according to him, a remedy could be found for the purpose. And that remedy was the constitution of a committee for the purpose of discussing this matter and coming to some definite conclusion. My experience so far as the working of committees is concerned, is that they are good if the object is to be achieved after a long period. But in cases where we want to achieve the object all at once, the constitution of committees is not a very great help. In this particular case the object is to be achieved in the shortest possible time. I have had opportunities of discussing this matter with the Hon'ble President of this House on more than one occasion after I visited those places. We put our heads together to solve this problem. And we have not as yet come to any definite conclusion. The matter is engaging the attention of both of us. He is a gentle man much experienced in the Revenue Department for a number of years, and he has also been at the head of the administration for some time. I think, with his assistance and with the assistance of the Advocate-General, we may be able to come to some solution as early as possible. I would certainly require the assistance of the Chief Engineer in this matter, because except with his assistance it will not be possible for me to guage the extent of the relief that can be given nor the amount that will be necessary to be given. Personally speaking, if at all I want the assistance of anybody in this matter, it is only the assistance of the Chief Engineer, and unfortunately for him he was engaged in the negotiations in connection with the Pallivasal scheme and I was engaged to my great sorrow in the investigation of

LIBRARY ARCHIVES Kerala Legislative Assembly

the numerous complaints that poured in from several quarters with reference to the distribution of the free grants. I found that 99% of them were simply created for the purpose of making my task of solving the problem extremely difficult. Petitions signed by 500, 300 and 200 people without any *bona fides* used to come in day by day so much so that from the day I left Mr. T. K. Nayar, I had to spend a good lot of time for investigating those objection petitions. That very night, when I reached home, there was a band of people about 12 or 13 waiting for me. I reached home at 11 o' clock and they engaged me till 12 o' clock. The next day I had to go for conducting enquiry into the methods according to which the house lists were prepared and the whole of that day had to be spent just to see whether there was any truth in the allegations which they have put forward. After that much of my time was taken up for investigation of such complaints. That was the reason why I was not able to attend to this very serious problem.

Mr. A. V. Moothedan *(Chalakkudi):* Without interruption, why can't you depute your assistant for investigation?

Mr. A. Madhava Prabhu *(Diwan Peishkar):* The nature of complaints were such that I thought I myself should enquire, so that I may instruct my assistant as to which method he should adopt in investigating such complaints.

Deputy President: We are concerned with only what you are going to do hereafter.

Mr. A. Madhava Prabhu *(Diwan Peishkar):* I was just explaining the difficulties I had to face in proceeding with this matter. That is the reason why we were not able to takle this problem up till now, not because it was not an important matter. I hope to tackle this problem as early as possible.

With reference to all the other points that have been placed before the House, of course they will engage the serious attention of the Government and I can promise that the utmost sympathy will be bestowed in every respect.

Mr. K. R. Viswambharan *(Ezhuvas-Talappalli):* Particular attention was drawn in my speech to the excise remission and also the plight of those engaged in the jaggery industry in Kunnamkulam. May I know whether these aspects also will receive the consideration of Government?

Mr. A. Madhava Prabhu *(Diwan Peishkar):* There are a number of petitions pending enquiry with respect to these matters also.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ ടി. കെ. നായർ: സർ, ഞാൻ എന്റെ ഈ ഉപക്ഷേപം അവതരിപ്പിച്ച അവസരത്തിൽ ആവശ്യപ്പെട്ട സംഗതി അത്യാവശ്യമാണെന്നു ദിവാൻ പേഷ്കാർ അവർകളും സമ്മതിച്ചുകഴിഞ്ഞു. മൂന്നാളുകളും അടങ്ങിയ ഒരു കമ്മറിറി വേണമെന്നു ഞാൻ പറഞ്ഞതു ദിവാൻ പേഷ്കാർ, ചീഫ് എഞ്ചിനീയർ, ഗവ മ്മെണ്ടു സിക്രട്ടറി ഇവർ ചേർന്നുള്ള ഒരു കമ്മിറിറിയായിരിക്കണമെന്നു വിചാരിച്ചുകൊണ്ടാണു്. ഈ മൂന്നാളുകളുടേയും സഹായം ഇതിന്നാവശ്യമുണ്ടെന്നു ദിവാൻപേഷ്കാർ അവർകളും പറയുകയും ചെയ്തു. ഇവർ മൂന്നുപേരും കൂടി ആലോചിച്ചു് ഇതിന്നൊരു തീരുമാനമുണ്ടാക്കിതന്നാൽ കൊള്ളാം.

Mr. A. Madhava Prabhu *(Diwan Peishkar):* It is as much our duty.

മിസ്റ്റർ ടി. കെ. നായർ: അദ്ദേഹം പറയുംപോലെതന്നെ പ്രവൃത്തിരൂപത്തിൽ ഗുണം കിട്ടുന്നില്ലെന്നു് എനിക്കു തോന്നിത്തുടങ്ങി. അദ്ദേഹത്തിന്നു അതു നല്ല മനസ്ഥിതിയുണ്ടെങ്കിലും ആ മെഷീനറി മൂവുചെയ്യുന്നില്ല. അതു് അദ്ദേഹത്തിന്റെ കുറവല്ല. അതു വിഷമത്തിലാണു ഗവമ്മെണ്ടിന്റെ മെഷീനറി കിടക്കുന്നതു്. കർഷകം സംരക്ഷിക്കുള്ളിൽ നല്ല രൂപാ അവർക്കു കൊടുക്കാതിരുന്നാൽ കായ്മൊക്കെ തകരാറാകുമെന്നു വിശ്വസിക്കുന്ന ഒരാളാണു് അദ്ദേഹം. സെൻട്രൽ കമ്മിറിറിയുടെ റിപ്പോർട്ടു് വളരെ ഗൌരവമായിട്ടു കൃഷിക്കാരുടെ കായ്ത്തിൽ ഗുണമുള്ളതല്ല എന്നു പറയാതെ നിവൃത്തിയില്ല. ഫ്രഫ്രെ-ൽ ജനറൽ ലാണ്ടു് റവന്യു റമിഷൻ ആവശ്യമില്ലെന്നു് അവർ റിക്കമൻറു ചെയ്തിട്ടുണ്ടു്. ആവശ്യമുള്ളതല്ല അതു്. ആവശ്യമുണ്ടെന്നു ഞാൻ ബോദ്ധ്യപ്പെട്ടുത്തിത്തരാം. ദിവാൻപേഷ്കാർ അവർകളുടെ ദൃഷ്ടിയിൽ പെട്ടിട്ടുള്ള കൃഷിയുടെ കായ്ത്തിൽ, അതായതു് നാശമുണ്ടായിട്ടും വിളവുള്ളതായ കൃഷിയുടെ കായ്ത്തിൽ അദ്ദേഹത്തിന്നു് ഒരു തെറിധാരണ പററിയിട്ടുണ്ടു്.

മിസ്റ്റർ എ. മാധവപ്രഭു: ജനറൽ റമിഷൻ എന്നു പറഞ്ഞാൽ സകല ആളുകൾക്കും അതു കൊടുക്കണമെന്നു പറയുന്നതു ശരിയല്ല. കൊച്ചികണയന്നൂർ താലൂക്കിൽ യാതൊരു റമിഷനും കൊടുക്കേണ്ട ആവശ്യമില്ല.

മിസ്റ്റർ ടി. കെ. നായർ: എന്റെ അഭിപ്രായത്തിൽ പിറവൂർ താലൂക്കൊഴിച്ചു ബാക്കി സ്ഥലങ്ങളിലൊക്കെ ജനറൽ റമിഷൻ കൊടുക്കണമെന്നാണു് അവർ റസല്യൂഷൻ പാസ്സാക്കേണ്ടിയിരുന്നതു്. കൃഷിക്കു് എവിടെയാണു നാശം പററിയിട്ടുള്ളതെന്നും എവിടെയാണു നാശം പററാത്തതെന്നും നോക്കി നാശം പററിയിട്ടുള്ളവർക്കു് ഇളവുകൊടുക്കണം.

മിസ്റ്റർ എ. മാധവപ്രഭു: കൊച്ചികണയന്നൂർ താലൂക്കിൽ നാശം പററിയിട്ടില്ല.

മിസ്റ്റർ ടി. കെ. നായർ: എന്നാൽ അതിനെ ഒഴിവാക്കണം.

മിസ്റ്റർ എ. മാധവപ്രഭു: അതാണു് എല്ലാ സ്ഥലങ്ങളിലും വേണ്ട എന്നു പറയാൻ കാരണം.

മിസ്റ്റർ ടി. കെ. നായർ: എന്നാൽ വിരോധമില്ല. ഞാൻ പിൻവലിച്ചു, എന്റെ ആക്ഷേപങ്ങളും. ഇതിൽ എനിക്കു ധരിപ്പിക്കുവാനുള്ള സംഗതി ഇതാണു്. നിങ്ങളും ലാണ്ടു് റവന്യു വിട്ടുകൊടുക്കണമൊ എന്നാലോചിച്ചു് തീച്ചയാക്കു

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

വാൻ പോകുന്ന അവസരത്തിൽ കൊട്ടക്കാറുകൊണ്ടു നഷ്ടപ്പെട്ടിട്ടുള്ള ഭൂമികളിലും വിളവു കാണും. ആ വിളവു് എങ്ങിനെയാണു് ഈ ഭൂമിയിൽ വന്നിട്ടുള്ളതെന്നു റവന്യൂ ഡിപ്പാർട്ടുമെണ്ടിൽനിന്നു് ആലോചിക്കുകയില്ല. ആദ്യം കൊട്ടക്കാറും വെള്ളപ്പൊക്കവും ഉണ്ടായ അവസരത്തിൽ കൃഷിയിൽ പണിചെയ്തിട്ടുള്ളതു സവ്വ്വും പോയി, കൃഷിയും വരമ്പും മുഴവനും പോയി. വിത്തില്ല കൃഷി ചെയ്യുവാൻ. പുഴവക്കൊന്നുമില്ലാത്ത സ്ഥലങ്ങളിൽ കൃഷിക്കു നാശം പറ്റിയിട്ടുള്ളതിന്നു് ആരോടാണാ സങ്കടം പറയേണ്ടതു് എന്നു വിചാരിച്ചു് ഉണ്ണുവാനുള്ള നെല്ലെടുത്തോ അല്ലെങ്കിൽ ആരോടെങ്കിലും പറയുന്ന വില കൊടുത്തു വിത്തു വാങ്ങിച്ചോ കൃഷി ചെയ്തിട്ടുള്ള സ്ഥലങ്ങളും ഉണ്ടു്. വരമ്പില്ലാത്ത സ്ഥലത്തു കുറി അടിച്ചു മണ്ണിട്ടും മറവും ചെയ്ത കൃഷിയാണതു്. നെല്ല വിളഞ്ഞുനില്ക്കുന്നതു കാണുമ്പോൾ ഗവ മ്മെണ്ടു ഭൂമിക്കു നികുതി കൊടുക്കുവാൻ പറയും. അതു കഷ്ടമാണു്. നഷ്ടം വ ന്നിട്ടില്ലാത്തവക്കു് ഇളവു കൊടുക്കണമെന്നല്ല പറയുന്നതു്. എന്റെ ഉദ്ദേശം ഇതേയുള്ളു. കഴിഞ്ഞതവണ റമിഷൻ അനുവദിച്ചിട്ടു് അനവധി പ്രാവശ്യം വിളവു് ഉണങ്ങിപോയിട്ടുള്ള പലക്കും അതു കിട്ടിയില്ല. അതു് അനേഷിക്കുവാൻ പോയ ആളുകളുടെ മനസ്ഥിതി അങ്ങിനെയായിരുന്നു. ദുരിതനിവാരണത്തിന്നുള്ള പണം ഉദ്യോഗസ്ഥന്മാരുടെ മനസ്ഥിതികൊണ്ടു ചിലക്കു കിട്ടിയിട്ടില്ലെന്നു ദിവാൻപേഷ്കാർ സമ്മതിച്ചുകഴിഞ്ഞു.

മിസ്റ്റർ എ. മാധവപ്രഭു: ഇടയ്ക്കു് അങ്ങിനെ ഒന്നു് ഉണ്ടായി എന്നുവെച്ചു് എല്ലാ കാര്യത്തിലും അങ്ങിനെ പറഞ്ഞുകൂടാ.

മിസ്റ്റർ ടി. കെ. നായർ: ഇതൊക്കെ ഓർമ്മവെച്ചു് ഈ റമിഷൻ കൊടുക്കുന്ന കാര്യത്തിൽ എന്തെങ്കിലും ദയവായി ആലോചിക്കണം. ദയവാണു വേണ്ടതു്. പേഷ്കാർക്കു ദയവുണ്ടെന്നും എനിക്കറിയാം. അതു നടപ്പിൽ വരുത്തുവാൻ അദ്ദേഹം പ്രവൃത്തിക്കണം. വെറുതെ ദയവുണ്ടു് എന്നു പറഞ്ഞതുകൊണ്ടു കാര്യമില്ല. ഇതിൽ പ്രത്യേകം മനസ്സുവെക്കണമെന്നും എനിക്കപേക്ഷയുണ്ടു്. അതുകൊണ്ടു കഴിയുന്നതും വേഗത്തിൽ കൃഷി നാശം സംഭവിച്ചവക്കു് ഒരു രക്ഷ ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടും ഇതിൽ പറയുന്ന തത്വം ഗവമ്മെണ്ടു സ്വീകരിച്ചിരിക്കുന്നതുകൊണ്ടും ഇതു് പ്രസ്സുചെയ്യണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ ഉപക്ഷേപം പിൻവലിക്കുവാൻ സഭയുടെ അനുവാദം അപേക്ഷിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Demand for Rs. 2,82,610 under 1. Land Revenue put and carried

1. Land Revenue—Cranganur—Rs. 19,238

Mr. A. Madhava Prabhu *(Diwan Peishkar):* Sir, I rise to move for a grant of Rs. 19,238 under 1—Land Revenue—Cranganur.

Demand put and carried

The House rose for the day at 5 p.m.

C. J. MATHEW
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly